ദി ഡിഫൻഡർ

Vol. No. 9 Issue No. 9 RNI Reg. No. 68089 / 97 Published From Perumbavoor 2006 MAY 1 Price: Rs.100/- P.A.

# കിരീടാവകാശി തളർന്നുവീണു?

കിരീടാവകാശിക്ക് കാര്യമായ എന്തോ കുഴപ്പമുണ്ട്. പ്രസംഗിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ കുഴഞ്ഞു വീണത് വെറുതെ ആകാൻ ഇടയില്ലല്ലോ. സംഭവം നടന്നിട്ട് ഏതാനും ആഴ്ചകളേ ആയിട്ടുള്ളൂ. അമേരിക്കയിൽ ഒരിടത്ത് വത്സലപുത്രൻ പ്രസംഗിക്കുന്നതിനിടയിലാണ് ബോധക്കേടുണ്ടായത്. ഉടൻ ആശുപത്രിയിൽ എത്തിച്ചതുകൊണ്ട് മറ്റു കുഴപ്പമൊന്നും ഉണ്ടായില്ല.

സുവിശേഷത്തിന്റെ പേരു പറഞ്ഞ് കോടികൾ സമ്പാദിച്ചു കഴിഞ്ഞു. മഹാരാജാവ് അധികാരം ഒഴിയുമ്പോൾ സ്ഥാനാരോഹണം നടത്താൻ തയ്യാറായി നിൽക്കുകയാണ് ഈ മാന്യദേഹം. പക്ഷേ തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നു സ്വയം പറഞ്ഞ മൂഢന്റെ ഗതിയാകുമോ എന്ന ശങ്ക നിലനിൽക്കുന്നു.

ഏതു മനുഷ്യനും ഉറച്ചു നിന്നാൽ ഒരു ശ്വാസമത്രേ എന്ന് ദൈവവചനം പറയുന്നു. തെരുവുകുട്ടികളുടെ ചിത്രം വെബ് സൈറ്റിൽ കൊടുത്ത് സായിപ്പിന്റെ കരളലിയിച്ച് സമ്പാദിച്ച പണം അനുഭവിക്കാൻ അവസരം ലഭിക്കുന്നതിനു മുൻപേ പ്രിൻസ് ഓഫ് വെയ്ൽസ് നാടുനീങ്ങാനുള്ള സാദ്ധ്യത തള്ളിക്കളാനാവില്ല. അനന്യാസിനേയും ഭാര്യയേയും ശിക്ഷിച്ച ദൈവത്തെ കിരീടാവകാശി മറക്കാതിരുന്നാൽ നന്ന്. ദൈവത്തിന് മുഖപക്ഷമില്ല.

# സി.ഡി. വിദേശത്തേക്കും അയയ്ക്കും

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ ഏഴാമത്തേതിന്റെ എഡിറ്റിംഗ് പുരോഗമിക്കുന്നു. ഭാവികാലശാസ്ത്രമാണ് ഈ സി.ഡിയുടെ വിഷയം. ദാനിയേൽ – വെളിപ്പാട് പുസ്തകങ്ങളുടെ വ്യാഖ്യാനവും ഉണ്ടായിരിക്കും.

അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിലുണ്ട്. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് നാലാമത്തെ സി.ഡിയിൽ പഠിക്കുന്നത്. ലോകമതങ്ങളാണ് അഞ്ചാമത്തെ സി.ഡിയുടെ വിഷയം. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങയെന്ന് ആറാമത്തെ സി.ഡിയിൽ വിവരിക്കുന്നു.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ആറു സി.ഡികൾക്ക് 600 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

## വിദേശത്തുള്ളവരുടെ ശ്രദ്ധയ്ക്ക്

സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നത് വലിയ ചെലവുള്ള കാര്യമായതുകൊണ്ട് ഇതുവരെ ഈ സി.ഡികൾ വിദേശത്തേക്ക് അയച്ചിരുന്നില്ല. എന്നാൽ വിദേശത്തുള്ള സഹോദരങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് സി.ഡികൾ ഇനി സൗദി ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിരിക്കയാണ്.

<u>വില: (പോസ്റ്റേജ് അടക്കം)</u>

ആദ്യത്തെ 5 സി.ഡി. (50 ക്ലാസ്സ്, 60 മണിക്കൂർ)-ഗൾഫ്: Rs.1500
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 50 (30 പൗണ്ട്)

10 സി.ഡിയുടെ ഒരു സെറ്റ് (100 ക്ലാസ്സ്, 120 മണിക്കൂർ)
– ഗൾഫ്: 3000 രൂപ.
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 100 (60 പൗണ്ട്)
(10 സി.ഡി. വാങ്ങുന്നവർക്ക് അഞ്ച് സി.ഡികൾ ഉടൻ അയയ്ക്കും. ബാക്കിയുള്ള അഞ്ചെണ്ണം രണ്ടു മാസം കഴിഞ്ഞ് അയയ്ക്കും)

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ – 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

# ഐ. പി. സി പ്രശ്നത്തിലേക്ക്

ഐ.പി.സി. ഗുരുതരമായ പ്രശ്നത്തിലേക്ക് നീങ്ങുന്നതായി കുമ്പനാട്ടുനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ടി.എസ്.ഏബ്രഹാം സ്ഥാനം ഒഴിയുന്നതുമായി ബന്ധപ്പെട്ടാണ് പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നത്.

ഐ.പി.സിയുടെ ഔദ്യോഗിക ഭാരവാഹി ആകാനുള്ള പ്രായം കടന്നിരിക്കാൽ ടി.എസ്. ഏബ്രഹാമിന് ഇനി പ്രസിഡന്റാകാൻ പറ്റില്ല. വൽസൻ ഏബ്രഹാമിനെ പ്രസിഡന്റാക്കാൻ അണിയറ നീക്കങ്ങൾ നടക്കുന്നുണ്ടെങ്കിലും അത് എത്രത്തോളം വിജയിക്കും എന്ന് പറയാനാവില്ല. ടി.എസ്.ഏബ്രഹാമിന്റെ പിടിയിൽ നിന്ന് ഐ.പി.സി. വിട്ടുപോയാൽ പിന്നീട് തിരികെ കിട്ടാൻ ബുദ്ധിമുട്ടാകും. അതുകൊണ്ട് ടി.എസ്. ഏബ്രഹാം പതിനെട്ടടവും പയറ്റുകയാണ്.

ഐ.പി.സിയുടെ വകയായ ഹെബ്രോൻ ബംഗ്ലാവിലാണ് ടി.സ്.ഏബ്രഹാം താമസിക്കുന്നത്. അധികാരം ഒഴിയുമ്പോൾ ബംഗ്ലാവ് ഒഴിഞ്ഞുകൊടുക്കേണ്ടതാണ്. പക്ഷേ ദ്രവ്യാഗ്രഹിയായ ടി.എസ്.ഏബ്രഹാം ബംഗ്ലാവ് വിട്ടുകൊടുക്കാൻ തയ്യാറല്ല. ബംഗ്ലാവ് മാത്രമല്ല ഹെബ്രോൻ പുരം മുഴുവൻ തന്നെ പിടിച്ചെടുക്കാനാണ് ശ്രമം.

ബംഗ്ലാവിന്റെ സമീപത്ത് ഐ.പി.സി. ഭാരവാഹികൾ ചിലപ്പോൾ വാഹനം പാർക്ക് ചെയ്യാറുണ്ട്. ബംഗ്ലാവ് തന്റെ കസ്റ്റഡിയിൽ ആക്കാൻ ഈ പാർക്കിംഗ് ഒരു തടസ്സമാണെന്ന് ടി.എസ്.ഏബ്രഹാം മനസ്സിലാക്കി. അത് തടഞ്ഞേ പറ്റൂ. വളരെ ആലോചിച്ച് ഒരു പദ്ധതി തയ്യാറാക്കി. ബംഗ്ലാവിന്റെ അടുത്തേക്ക് വാഹനങ്ങൾ എത്തുന്ന വഴി ആരും അറിയാതെ അടച്ച് ചങ്ങലയിട്ടു. ഐ.പി.സി. ട്രഷറർ ആയ ജോസഫ് താന്നിക്കൽ ഇത് ശ്രദ്ധിച്ചു. അദ്ദേഹം ആ ചങ്ങലയും മറ്റും വലിച്ചുപറിച്ച് ദൂരെ കളഞ്ഞു. അങ്ങനെ ബംഗ്ലാവിന്റെ പരിസരം ഐ.പി.സി. വിമുക്തമാക്കാനുള്ള ശ്രമം പാളി.

ഐ.പി.സിയുടെ വകയായിരുന്ന ഹെബ്രോൻ ബൈബിൾ കോളേജ് ടി.എസ്.ഏബ്രഹാം തട്ടിയെടുത്തതും കോടതി വിധി എതിരായപ്പോൾ ഐ.പി.സിക്ക് തിരിച്ചു കൊടുത്തതും ചരിത്രമാണല്ലോ. തന്റെ സ്വാധീനം ഉപയോഗിച്ച് ടി.എസ്.ഏബ്രഹാം അത് പി.ജി. കോഴ്സ് നടത്താനുള്ള സ്ഥാപനമാക്കി. സാക്ഷാൽ ഹെബ്രോൻ ബൈബിൾ കോളേജ് പേരുമാറ്റി ഇന്ത്യാ ബൈബിൾ കോളേജുമാക്കി. ഇപ്പോൾ പി.ജി. കോഴ്സ് ഹെബ്രോൻ പുരത്ത് നടത്താൻ പാടില്ല എന്ന നിലപാടിലാണ് ടി.എസ്.ഏബ്രഹാം. പി.ജി. കോഴ്സ്, സണ്ടേ സ്ക്കൂൾ അസോസിയേഷൻ തുടങ്ങിയവയുടെ ബോർഡുപോലും എടുത്തു മാറ്റണമെന്നാണ് ടിഎസ്.ഏബ്രഹാം ശഠിക്കുന്നത്. അധികാരം ഒഴിയുന്നതിനു മുൻപ് ഐ.പി.സിയുടെ സ്വത്തുക്കൾ കൈവശപ്പെടുത്താൻ ടി.എസ്.ഏബ്രഹാം നടത്തുന്ന ഈ ശ്രമങ്ങൾ ഗുരുതരമായ പ്രശ്നങ്ങൾക്ക് വഴിവെയ്ക്കുമെന്ന് ഉറപ്പാണ്. ടി.എസ്. ഏബ്രഹാമിന് കൂട്ടുനിൽക്കാൻ ചിലരൊക്കെയുണ്ടെങ്കിലും ഇതിനെതിരെ ശക്തമായ ജനവികാരം ഉണ്ടായിക്കഴിഞ്ഞു.

# ആഭരണപ്രശ്നം: കെ. സി. ജോൺ നിലപാട് വ്യക്തമാക്കണം

വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾക്ക് ആഭരണം ധരിക്കാനുള്ള അനുവാദം ഉണ്ടോ? ഇല്ലെന്നാണ് ഐ.പി.സി., ശാരോൻ, ചർച്ച് ഓഫ് ഗോഡ്, എ.ജി. തുടങ്ങിയ പ്രമുഖ പെന്തക്കോസ്ത് സഭകളുടെയെല്ലാം നിലപാട്. ഈ സംഘടനകളൊന്നും ഈ കാര്യത്തിൽ അയവ് വരുത്തിയതായി അറിവില്ല.

കെ.സി.ജോൺ ഐ.പി.സിയുടെ പ്രമുഖ നേതാക്കൻമാരിൽ ഒരാളാണ്. ഐ.പി.സിയുടെ വിശ്വാസാചാരങ്ങൾക്കു വിരുദ്ധമായി വിശ്വസിക്കാനോ പ്രചരിപ്പിക്കാനോ കെ.സി.ജോണിന് അധികാരമോ അവകാശമോ ഇല്ല. ചവർ ചാനലിന്റെ ചെയർമാനാണ് കെ.സി.ജോൺ. ചാനലിനെ ഗായകർ, പ്രോഗ്രാം അവതരിപ്പിക്കുന്നവർ തുടങ്ങിയവരിൽ ഭൂരിപക്ഷവും ആഭരണം ധരിക്കുന്നവരാണ്. ഇവർ പെന്തക്കോസ്തുകാരല്ലെന്ന് വ്യക്തം. അതുകൊണ്ട് കെ.സി.ജോൺ ചില ചോദ്യങ്ങൾക്ക് മറുപടി പറയണം.

1. ആഭരണം ധരിക്കുന്നതിനേക്കുറിച്ച് കെ.സി.ജോണിന്റെ നിലപാടെന്താണ്? ആഭരണം ധരിക്കാൻ പാടില്ല എന്നാണെങ്കിൽ ചാനലിൽ നിന്ന് ആഭരണധാരികളെ ഒഴിവാക്കാത്തതെന്ത്? സുവിശേഷം പ്രചരിപ്പിക്കുന്നവർക്ക് ആഭരണം ആകാം എന്നും സുവിശേഷം സ്വീകരിക്കുന്നവർ ആഭരണം ഉപേക്ഷിക്കണം എന്നും ആണോ കെ.സി.ജോൺ പറയുന്നത്? ആഭരണം ധരിക്കുന്നതിൽ തെറ്റില്ല എന്നാണ് ഉത്തരമെങ്കിൽ അത് തുറന്നു പറയണം. ആഭരണം ധരിക്കാൻ ആഗ്രഹമുള്ള പെന്തക്കോസ്ത് വിശ്വാസികൾക്ക് അതിനുള്ള അനുവാദം കൊടുക്കണം. രണ്ടിലൊന്ന് ചെയ്തേ മതിയാകൂ.

2. രക്ഷിക്കപ്പെട്ടവർക്ക് കത്തോലിക്ക, ഓർത്തഡോക്സ്, മാർ തോമ്മാ സഭകളിൽ തുടരാൻ കഴിയുമോ? വേർപാട് ആവശ്യമാണോ? രക്ഷിക്കപ്പെട്ടവർ വേർപെടണമെന്നും വേർപെടാൻ മനസ്സില്ലാത്തവർ രക്ഷിക്കപ്പെട്ടവരല്ല എന്നുമാണ് ഉത്തരമെങ്കിൽ ചാനലിന്റെ ഉദ്ഘാടനത്തിന് തിരുമേനിമാരെ വിളിച്ചതെന്തിന്? തിരുമേനിമാരെ രക്ഷിക്കപ്പെട്ടവരായി കെ.സി.ജോൺ കണക്കാക്കുന്നുണ്ടോ? സമുദായ പശ്ചാത്തലമുള്ള ആൽബങ്ങൾ ചാനലിൽ പ്രദർശിപ്പിക്കുന്നതെന്തിന്? സമുദായക്കാരെ രക്ഷിക്കപ്പെട്ടവരായി കണക്കാക്കാമെങ്കിൽ സമുദായക്കാരെ കെ.സി.ജോണും ഐ.പി.സിയും മറ്റ് പെന്തക്കോസ്ത് സഭകളും എന്തിന് സ്നാനപ്പെടുത്തി പെന്തക്കോസ്തിലാക്കുന്നു?

4. കടമറ്റത്തു കത്തനാരെ ദൈവദാസനായി കെ.സിജോൺ കണക്കാക്കുന്നുണ്ടോ? ഇല്ലെങ്കിൽ കടമറ്റത്തുകത്തനാരായി വേഷമിട്ട ആളെ ചാനലിൽ എന്തിന് അവതരിപ്പിച്ചു?

5. ബാബു പോൾ, അൽഫോൺസ് കണ്ണന്താനം, പെരുമ്പടവം ശ്രീധരൻ തുടങ്ങിയവരെ കെ.സി. ജോൺ രക്ഷിക്കപ്പെട്ടവരായി കണക്കാക്കുന്നുണ്ടോ? ഇല്ലെങ്കിൽ ''എന്റെ ദൈവം'' എന്ന പ്രോഗ്രാമിൽ ഇവരെ അവതരിപ്പിക്കുന്നതിന്റെ കാരണമെന്ത്?

6. മാരാമൺ കൺവെൻഷനിൽ സുവിശേഷമാണോ പ്രസംഗിക്കപ്പെടുന്നത്? ആണെങ്കിൽ മാർ തോമ്മാക്കാരെ എന്തിന് പെന്തക്കോസ്തിൽ ചേർക്കുന്നു? സുവിശേഷമല്ലെങ്കിൽ മാരാമൺ കൺവെൻഷൻ ചാനലിൽ നിരന്തരം പ്രർശിപ്പിക്കുന്നതെന്തിന്?

(കെ.സി.ജോൺ ഇതിനൊന്നും മറുപടി പറയുകയില്ലെന്നറിയാം. വെറുതെ ചോദിച്ചെന്നേയുള്ളൂ).

ദി ഡിഫെൻഡർ
Vol. No.9 Issue No. 9 2006 May 1

# ക്രൈമിനെതിരെ ക്രൈം?

രാഷ്ട്രീയ നേതാക്കൻമാർക്ക് അപമാനകരമായ ലേഖനങ്ങൾ അച്ചടിച്ചു എന്ന് ആരോപിച്ച് പ്രസ്സിൽ നിന്നും ക്രൈം മാസികയുടെ കോപ്പി പാർട്ടി പ്രവർത്തകർ പിടിച്ചെടുത്തെന്ന് അറിയാൻ കഴിഞ്ഞു. ഇതിന് പോലീസ് സഹായം ലഭിച്ചതായും അറിയുന്നു. നിയമം കൈയ്യിലെടുക്കുന്ന നടപടിയായിപ്പോയി ഇത് എന്ന് പറയാതെവയ്യ.

പി.ആർ.ബി. ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ക്രൈം. ഐ.പി.സി. 499-ാം വകുപ്പിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള വിമർശനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം ക്രൈമിനുണ്ട്. ഈ വകുപ്പിന് വിരുദ്ധമായി എന്തെങ്കിലും പ്രസിദ്ധീകരിച്ചാൽ മാനനഷ്ടമുണ്ടാകും. ബന്ധപ്പെട്ട കക്ഷികൾക്ക് പ്രസിദ്ധീകരണത്തിനെതിരെ നിയമനടപടി സ്വീകരിക്കാം. എന്നാൽ പ്രസിദ്ധീകരണം തടയാൻ ഈ രാജ്യത്ത് നിയമമില്ല. തമിഴ്നാട് സർക്കാരും നക്കീരനുമായുള്ള കേസ്സിൽ ഈ വസ്തുത സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതുമാണ്. അതുകൊണ്ട് പോലീസിനോ സർക്കാരിനോ മാനനഷ്ടമുണ്ടാകുന്ന വ്യക്തികൾക്കോ അവരുടെ അനുയായികൾക്കോ പ്രസ്സിൽ നിന്നും ഒരു പ്രസിദ്ധീകരണം പിടിച്ചെടുക്കാൻ അധികാരമില്ല. ക്രൈമിന്റെ കോപ്പികൾ എടുത്തുകൊണ്ടുപോയവർക്കെതിരെയും അതിന് ഒത്താശ ചെയ്ത പോലീസിനെതിരേയും നിയമനടപടി സ്വീകരിക്കേണ്ടതാണ്.

മറ്റൊരു പ്രസ്സിൽ അടിക്കുന്നതായിട്ടാണ് ക്രൈം മാസികയിൽ എഴുതിയിരിക്കുന്നതെന്ന് ഒരു വാദം നിലവിലുണ്ട്. അത് ശരിയാണെങ്കിൽ അതിനെതിരെ നടപടി എടുക്കേണ്ടത് ജില്ലാ ഭരണകൂടമാണ്. പ്രസിദ്ധീകരണം പുറത്തുവന്നശേഷം മാത്രമേ നടപടി എടുക്കാൻ കഴിയുകയുമുള്ളു.

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടെന്ന ന്യായം പറഞ്ഞ് ചിലർ പോലീസ് നടപടിയെ ന്യായീകരിക്കുന്നതായി അറിഞ്ഞു. പക്ഷേ ഈ വാദത്തിലും കഴമ്പില്ല. കാരണം, രാഷ്ട്രീയനേതാക്കൻമാരേപ്പറ്റി ഒരു പത്രം എഴുതുന്നത് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിന്റെ പരിധിയിൽ വരുന്ന കാര്യമല്ല.

ചില രാഷ്ട്രീയനേതാക്കൻമാരേപ്പറ്റി ക്രൈമിൽ എഴുതിയിരുന്നു എന്ന് കേൾക്കുന്നതല്ലാതെ കൂടുതലായി ഒന്നും അറിയാൻ കഴിഞ്ഞിട്ടില്ല. ആ ലേഖനത്തിൽ പറയുന്ന കാര്യങ്ങൾ സത്യമാണോ എന്നും അറിഞ്ഞുകൂടാ. മാനഹാനി ഉണ്ടാക്കുന്ന കാര്യങ്ങൾ ഉണ്ടെങ്കിൽ പ്രസിദ്ധീകരണം പുറത്തു വന്ന ശേഷം മാനനഷ്ടക്കേസ്സ് കൊടുക്കുകയാണ് വേണ്ടത്. അതിനു തുനിയാതെ നിയമം കൈയ്യിലെടുത്തത് ന്യായീകരിക്കാനാവില്ല. ഇന്ത്യൻ പൗരന് ഭരണഘടന ഉറപ്പുനൽകുന്ന മൗലീകാവകാശത്തിന്റെ ലംഘനമാണ് ഇവിടെ നടന്നിരിക്കുന്നത്. ഉത്തരവാദിത്വമുള്ള ഒരു രാഷ്ട്രീയ കക്ഷി ഇങ്ങനെ ചെയ്യാൻ പാടില്ലായിരുന്നു.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

അസംബ്ലി തെരഞ്ഞെടുപ്പ് കഴിഞ്ഞിരിക്കുന്നു. ഫലം അറിയാൻ ഏറെ ദിവസങ്ങൾ കാത്തിരിക്കണമെങ്കിലും അഭിപ്രായ വോട്ടെടുപ്പ് ഫലങ്ങൾ വന്നുകൊണ്ടിരിക്കുന്നു. എൽ.ഡി.എഫിന് ഭൂരിപക്ഷം കിട്ടുമെന്ന് ഏവരും ആണയിടുകയും ചെയ്യുന്നു. ഇത് കേൾക്കുമ്പോൾ യു.ഡി.എഫ്. നേതാക്കൻമാരുടെ രക്തസമ്മർദ്ദം ഉയരുന്നത് സ്വാഭാവികം. അഭിപ്രായ സർവ്വേ വിശ്വസനീയമല്ലെന്ന വാദത്തിന്റെ ബലത്തിലാണ് അവർ നിന്നുപിടിക്കുന്നത്. അവസാന ഫലം പുറത്തുവരുന്നതുവരെ ഈ ആത്മവിശ്വാസം നല്ലതുതന്നെ.

എൺപതു ശതമാനത്തിലധികം വോട്ടിംഗ് നടന്ന ബൂത്തുകളിലെ റിക്കാഡുകൾ തെരഞ്ഞെടുപ്പ് കമ്മീഷൻ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കുന്നത്രേ. എന്തിനാണാവോ? 80% ആളുകളിൽ കൂടുതൽ വോട്ട് ചെയ്യാൻ പാടില്ല എന്ന് ഈ രാജ്യത്ത് നിയമമുണ്ടെന്നു തോന്നും തെരഞ്ഞെടുപ്പു കമ്മീഷന്റെ നടപടി കണ്ടാൽ. ഇന്ത്യൻ ജനാധിപത്യത്തിൽ ജനങ്ങൾക്ക് വിശ്വാസമില്ലെന്നും അതുകൊണ്ട് 20% ആളുകളെങ്കിലും വോട്ടുചെയ്യാതിരിക്കുമെന്നും തെരഞ്ഞെടുപ്പു കമ്മീഷൻ തന്നെ പറയാതെ പറയുകയാണ് ചെയ്യുന്നത്. ദുഃഖകരമെന്നല്ലാതെ എന്തു പറയാൻ.

ഫണ്ട് അനുവദിക്കുമ്പോൾ വടക്കുള്ളവർ കേരളത്തെ അവഗണിക്കുമെങ്കിലും തെരഞ്ഞെടുപ്പിനെ ഗൗരവത്തിൽ കാണുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. പ്രധാനമന്ത്രി ഒരു വട്ടം വന്നു. സോണിയാഗാന്ധി രണ്ടുവട്ടം വന്നു. കേരളമെന്ന് ഒരു സംസ്ഥാനം ഉണ്ടെന്ന് ഇവരൊക്കെ ഇപ്പോഴെങ്കിലും ചിന്തിക്കുന്നുണ്ടല്ലോ, ഭാഗ്യം.

കോൺഗ്രസ്സും ഡി.ഐ.സിയുമായി ഇനി ഒരിക്കലും വേർപിരിയുകയില്ല എന്ന് എ.കെ.ആന്റണി പറയുന്നു. പക്ഷേ ഒരിക്കലും എന്നത് എത്ര ദിവസമാണെന്നുമാത്രം ആന്റണി പറഞ്ഞിട്ടില്ല. ഇലക്ഷൻ കഴിഞ്ഞ് ഏതാനും ആഴ്ചകൾക്കകം ഈ ബന്ധം അവസാനിക്കുമെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്.

വി.പി.സിംഗ് പുതിയ പാർട്ടി ഉണ്ടാക്കിയിരിക്കുന്നു. ഇന്ത്യയിലെ ഓരോ വോട്ടറും ഓരോ പാർട്ടി ഉണ്ടാക്കണം. പാർട്ടികളുടെ കാര്യത്തിലെങ്കിലും ഇന്ത്യ സ്വയം പര്യാപ്തമാകട്ടെ. പക്ഷേ വി.പി.സിംഗ് പാർട്ടിയുണ്ടാക്കിയതുകൊണ്ട് വി.പി.സിംഗിന് എന്തെങ്കിലും പ്രയോജനം ഉണ്ടാകുമോ എന്ന് കണ്ടുതന്നെ അറിയണം. കാരണം, താൻ ഇനി ഒരിക്കലും അധികാര രാഷ്ട്രീയത്തിലേക്കില്ലെന്ന് വി.പി.സിംഗ് പണ്ട് പ്രഖ്യാപിച്ചിട്ടുള്ളതാണ്. നാളിതുവരെ അത് പാലിച്ചിട്ടുമുണ്ട്. അതുകൊണ്ട് മറ്റുള്ളവർക്ക് അധികാരം നേടിക്കൊടുക്കാമെന്നല്ലാതെ പുതിയ പാർട്ടികൊണ്ട് വി.പി.സിംഗിന് പ്രയോജനമൊന്നും ഉണ്ടാകാൻ ഇടയില്ല. അല്ലെങ്കിൽ വി.പി.സിംഗ് നമ്മുടെ ലീഡർക്ക് ശിഷ്യപ്പെടണം. പറഞ്ഞത് മാറ്റി പറയേണ്ടതെങ്ങനെ എന്ന് ലീഡർജി പഠിപ്പിച്ചുതരും.

സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം ഇന്ത്യയിൽ നടപ്പായിട്ട് വർഷങ്ങൾ ഏറെയായി. എന്നിട്ടും അടുത്ത മുഖ്യമന്ത്രി ആരെന്ന് ആണുങ്ങൾ തീരുമാനിക്കും എന്നാണ് വി.എസ്.അച്യുതാനന്ദൻ പറയുന്നത്. സ്ത്രീകളുടെ വോട്ടിന് വിലയില്ലേ? അതോ മുഖ്യമന്ത്രിയെ തീരുമാനിക്കുന്ന യോഗത്തിൽ നിന്ന് സ്ത്രീകളെയെല്ലാം ഇറക്കിവിടുമെന്നാണോ? പണ്ട് ജോവാൻ എന്നൊരു സ്ത്രീ പോപ്പായെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ എന്ന നിലയിൽ ഇപ്പോൾ സ്വീകരിക്കാറുണ്ടെന്നും കേട്ടിട്ടുണ്ട്. പോപ്പായി തെരഞ്ഞെടുക്കപ്പെട്ട വ്യക്തി പുരുഷനാണെന്ന് ദേഹപരിശോധന നടത്തി ഉറപ്പിക്കയാണ് ചെയ്യുന്നത്. മുഖ്യമന്ത്രിയെ തെരഞ്ഞെടുക്കാൻ കമ്മറ്റി കൂടുമ്പോൾ ഇത്തരത്തിലുള്ള വല്ല പരിശോധനയും നടത്തുമോ ആവോ?

തേറമ്പിൽ രാമകൃഷ്ണനെ സമ്മതിക്കണം. തനിക്ക് വോട്ട് നേടിത്തരാൻ ലീഡർ തൃശൂർക്ക് വരേണ്ടതില്ല എന്ന് നേരേനിന്ന് പറയാൻ അദ്ദേഹത്തിന് ധൈര്യമുണ്ടായല്ലോ. ഇങ്ങനെ ചിലരൊക്കെ ഉണ്ടായാൽ കേരളം രക്ഷപ്പെടും.

സ്മാർട്ട് സിറ്റി ഒപ്പിടാത്തതിന്റെ പഴി പ്രതിപക്ഷത്തിന്റെ തലയിൽ കെട്ടിവെച്ച് ഉമ്മൻ ചാണ്ടി സ്മാർട്ടായി തടിതപ്പി. നമ്മുടെ മുഖ്യമന്ത്രി ഇത്ര സ്മാർട്ടാണെന്ന് കരുതിയില്ല. ഇതുകണ്ട് ഇഷ്ടം തോന്നി കേരള ജനത ഉമ്മൻ ചാണ്ടിയെത്തന്നെ ഒരു വട്ടംകൂടി മുഖ്യമന്ത്രിയാക്കാനും ഇടയുണ്ട്.

വിമതൻമാർ ഇക്കുറി പല സ്ഥലത്തും ജയപരാജയങ്ങൾ നിർണ്ണയിക്കുമെന്ന് ഏറെക്കുറേ ഉറപ്പായിക്കഴിഞ്ഞു. ചിലരെയൊക്കെ തോല്പിക്കുന്നതിൽ അപരൻമാർ വഹിക്കുന്ന പങ്കും ചെറുതല്ല. അപരൻമാരുടെ ശല്യം സഹിക്കവയ്യാതെ കാർത്തികേയനേപ്പോലുള്ള പലർക്കും പേരിന് വാലും തലയും തൊങ്ങലും മറ്റും ഫിറ്റ് ചെയ്യേണ്ടതായും വന്നു. വിമതൻമാരും അപരൻമാരും ഇത്ര ശക്തമാരാണെന്ന് വ്യക്തമായിക്കഴിഞ്ഞ സ്ഥിതിക്ക് ഇവർക്കും ഒരു മുന്നണിയുണ്ടാക്കാവുന്നതാണ്. വിമത-അപര ഐക്യ മുന്നണി എന്ന് പേരുമിടാം.

**വി.ബി.എസ്സ്.**







എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക
പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.
ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.
പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3232356, 9447414608

# ദേവിന് ഉമ്മ, ഉംംംമ്മ



യൂദാസ് ചുംബനം കൊണ്ട് ഗുരുവിനെ ഒറ്റിക്കൊടുത്തു. ടി.എസ്.ഏബ്രഹാം യൂദാസിനെ ചുംബനം കൊണ്ട് സ്വാഗതം ചെയ്തു. പരിശുദ്ധാത്മനിന്ദയെന്ന ക്ഷമിക്കപ്പെടാത്ത പാപം ചെയ്ത ദേവിന് അശുദ്ധചുംബനം കൊടുത്ത് ഐപി.സിയിലേക്ക് ആനയിക്കാൻ ടി.എസ്.ഏബ്രഹാമിന് ശങ്കയുണ്ടായില്ല.

ജീവിതകാലം മുഴുവൻ വ്യഭിചരിച്ചും മോഷ്ടിച്ചും ജീവിച്ച ടി.എസ്.ഏബ്രഹാമിന് പാപം അത്ര ഗൗരവമുള്ള വിഷയമല്ല. യേശുവിനേയോ പരിശുദ്ധാത്മാവിനേയോ നിന്ദിക്കുന്നത് സാധാരണ സംഭവം മാത്രം. അതുകൊണ്ടാണ് ദേവിനെ ചുംബിക്കാൻ ധൈര്യമുണ്ടായത്.

തിരുവചന സത്യങ്ങൾക്കും പെന്തക്കോസ്ത് വിശ്വാസ പ്രമാണങ്ങൾക്കും വേണ്ടി ജീവിതകാലം മുഴുവൻ നിലകൊണ്ടിട്ടുള്ള പാവപ്പെട്ട ദൈവദാസൻമാരോട് സ്നേഹത്തോടെ ഒരു വാക്കു പറയാനോ അവരുടെ കഷ്ടതകളിൽ സഹായം ചെയ്യാനോ ടി.എസ്.ഏബ്രഹാമിനേപ്പോലുള്ളവർക്ക് തോന്നാറില്ല. പക്ഷേ മൂന്നു പതിറ്റാണ്ടു മുഴുവൻ ദുരുപദേശപ്രചരണത്തിനായി ചെലവഴിച്ച ദേവിനെ ചുംബിച്ച് ആനയിക്കുന്നു.

ദേവ് പെന്തക്കോസ്തിൽ എത്തിയതിൽ ഗുഡ്ന്യൂസിനുള്ള ആനന്ദം വാക്കുകളിൽ ഒതുക്കാൻ കഴിയുന്നില്ല. മുപ്പതു വർഷം പരിശുദ്ധാത്മ നിന്ദയെന്ന കൊടിയ പാപം ചെയ്തവനെ അന്യഭാഷയുടെ അകമ്പടിയോടെ സ്വീകരിക്കുന്നു. ഇവരൊക്കെ പറയുന്ന അന്യഭാഷ ഏത് ആത്മാവിലാണെന്നു മാത്രം പിടികിട്ടുന്നില്ല. ഏതു കള്ളനും വിലസാൻ കഴിയുന്ന സാഹചര്യമാണ് ഇപ്പോൾ പെന്തക്കോസ്തിലുള്ളത്. അതുകൊണ്ട് ദേവിന് അഷ്ടിക്കു മുട്ടുണ്ടാകയില്ല. അതാണല്ലോ ദേവിന്റെ ആവശ്യവും.

# പ്രകൃതിവിരുദ്ധനെ സംരക്ഷിക്കാൻ എ.ജി. നേതാക്കൻമാർ രംഗത്ത്

ഡിഫെൻഡർ എന്തൊക്കെ എഴുതിയാലും മത്തായിക്കുട്ടിയെന്ന പ്രകൃതിവിരുദ്ധനെതിരെ ഒരു നടപടിയും എടുക്കേണ്ടതില്ല എന്ന നിലപാടിലാണ് എ.ജി. നേതൃത്വം. പ്രകൃതിവിരുദ്ധ ബന്ധം അത്ര വലിയ പാപമല്ലത്രേ. പത്തനംതിട്ട ജില്ലയിലെ പുല്ലാടിന് സമീപമുള്ള ഒരു എ.ജി. സഭയിലാണ് മത്തായിക്കുട്ടിയുടെ തുത്രൂഷ. പ്രവചനം സൈഡ് ബിസി നസ്സ്. തരം കിട്ടിയാൽ ഈ ചങ്ങാതി തനി സ്വഭാവം പുറത്തെടുക്കും. വർഷങ്ങളായി തുടർന്നുവരുന്ന കലാപരിപാടിയാണിത്. ഇയാളുടെ സഭയിലും ഇയാൾ പ്രവചിക്കാൻ ചെന്നിട്ടുള്ള സ്ഥലങ്ങളിലും ഇത്തരം നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും അതൊന്നും കാര്യമാക്കേണ്ടതില്ല എന്നാണ് എ.ജി. നേതാക്കൻമാർ പറയുന്നത്. സുരേഷ് ബാബുവിനെതിരെ ഡിഫെൻഡർ എഴുതിയപ്പോഴും എ.ജി. നേതാക്കൻമാർ പാപത്തിന് സഹായകമായ നിലപാടാണ് എടുത്തത്. ഏതായാലും ഈ പ്രശ്നം വിട്ടുകളയാൻ ഡിഫെൻഡർ തയ്യാറല്ല. ഈ പാപി പുറത്താകുന്നതുവരെ എഴുതിക്കൊണ്ടിരിക്കും.

# തോമസ്കുട്ടി ബിസിനസ്സ് പൊടിപൊടിക്കുന്നു



തോമസ്കുട്ടി



ബോയിഡ് ജോർജ്

പൊങ്ങപ്പോഴൻമാർ ഈ ഭൂലോകത്ത് ഉള്ളിടത്തോളം കാലം തോമസ്കുട്ടിക്ക് പട്ടിണിയുണ്ടാകില്ല. ആരെയെങ്കിലുമൊക്കെ കറക്കിയടിച്ച് തോമസ്കുട്ടി ജീവിക്കും. ഫാദേഴ്സ് ഹൗസുകാരനായ ചുമ്മാ ഡോ സാബു ഏബ്രഹാം, അമേരിക്കൻ മലയാളിയായ ബോയ്ഡ് ജോർജ് തുടങ്ങിയവരാണ് മുഖ്യ ഇരകൾ.

തോമസ്കുട്ടി ആരെയൊക്കെ വിഡ്ഢികളാക്കി എന്നറിയാൻ വചനഘോഷണത്തിന്റെ എഡിറ്റോറിൽ ബോർഡ് നോക്കിയാൽ മതി. സാബു ഏബ്രഹാം, ജേക്കബ് ജോർജ്, ബോയിഡ് ജോർജ്, പി.ജി.ജേക്കബ്, ജയിംസ് ജേക്കബ്, ജോൺസൺ പി.കെ., പി.ജെ.ചാക്കോ, കെ.സി.യോഹന്നാൻ, കെ.എസ്.മത്തായി, എ.റ്റി. ജോസഫ്, ഇത്യാദി. മാസത്തിൽ ഒരിക്കൽ പത്രം ഇറക്കാൻ ഇത്രയും ആളെന്തിന്? അതാണ് തോമസ്കുട്ടിയുടെ ബുദ്ധി.

# കെ.പി.കുര്യൻ പ്രശ്നം വീണ്ടും രൂക്ഷമാകുന്നു

കെ.പി.കുര്യനുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾ ഒരു പൊട്ടിത്തെറിയുടെ വക്കിലാണെന്ന് തിരുവല്ലയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എന്തും സംഭവിക്കാം എന്നതാണ് സ്ഥിതി.

ശരിയായ നടപടിക്രമങ്ങൾ പാലിക്കാതെയാണ് കുര്യനെതിരെ ഐ.പി.സി. നടപടി എടുത്തത്. ഈ വിഷയത്തോടുള്ള ബന്ധത്തിൽ കുര്യൻ ഐ.പി.സിക്കെതിരെ കൊടുത്ത കേസ്സ് ഇപ്പോഴും കോടതിയുടെ പരിഗണനയിൽ ഇരിക്കയാണ്. അന്തിമ വിധി വരുന്നതിനു മുൻപേ കുര്യനെ ആമല്ലൂർ സഭയിൽ നിന്നും പാഴ്സനേജിൽ നിന്നും പുറത്താക്കാൻ ചിലർ ശ്രമിക്കുന്നതാണ് ഇപ്പോൾ പ്രശ്നം വഷളാകാൻ കാരണം.

കൈവശക്കാരന്റെ അവകാശം ഈ രാജ്യത്തെ നിയമം അംഗീകരിക്കുന്നുണ്ട്. അതുകൊണ്ട് കുര്യനെ ബലം പ്രയോഗിച്ച് ഇറക്കി വിടാനുള്ള അധികാരം പോലീസിനില്ല. എങ്കിലും പോലീസിനെ ഉപയോഗിച്ച് എന്തെങ്കിലും ചെയ്യാനുള്ള ശ്രമം നടക്കുന്നുണ്ട്. ഇത് കുര്യൻ മനസ്സിലാക്കിയിട്ടുമുണ്ട്. ഈ നീക്കത്തിനെതിരെ കുര്യൻ ശക്തമായ നിലപാട് സ്വീകരിച്ചിരിക്കാണ്.

ആമല്ലൂർ സഭയിലേക്ക് മറ്റൊരു പാസ്റ്ററെ ഐ.പി.സി. നേതാക്കൻമാർ നിയമിച്ചിട്ട് മാസങ്ങളായി. എങ്കിലും ആ പാസ്റ്റർക്ക് ചാർജെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ സ്ഥലംമാറ്റ സീസണിൽത്തന്നെ കുര്യനെ പുറത്താക്കി പുതിയ പാസ്റ്ററെ അധികാരം ഏല്പിക്കാനാണ് ശ്രമം.

# വെടിയേ, ഠോ



ചുമ്മാ ഡോ സാബു ഏബ്രഹാം

പശു ചത്തു, മോരിലെ പുളിയും പോയി എന്നു പറഞ്ഞതുപോലെയാണ് സുനാമിയുടെ കാര്യം. സംഭവം നടന്നിട്ട് പതിനാറു മാസം കഴിഞ്ഞു. സുനാമിയുടെ പേരുപറഞ്ഞ് പണം പിരിച്ച് നിരവധി ആളുകളുടെ ദുരിതത്തിന് ആശ്വാസം ഉണ്ടാകുകയും ചെയ്തു. ഇപ്പോഴിതാ സുനാമിയുടെ പേരിൽ വീണ്ടും തട്ടിപ്പ് അരങ്ങേറുന്നു. ഇത്തവണ ചുമ്മാ ഡോ സാബു ഏബ്രഹാമിന്റെ നേതൃത്വത്തിലാണ് കലാപരിപാടി പൊടിപൊടിക്കുന്നത്.

കഴിഞ്ഞലക്കം വചനഘോഷണത്തിന്റെ മൂന്നാം പേജിൽ, വെണ്ടയ്ക്കാ വലിപ്പത്തിൽ, ഈ വാർത്തയുണ്ട്. മാർച്ച് 13ന് കായംകുളം ആയിരംതെങ്ങ് ചർച്ച് ഓഫ് ഗോഡ് സഭയുടെ ഗ്രൗണ്ടിൽ വെച്ച് സാബു ഏബ്രഹാം 100 കിലോ അരി വീതം നൂറു കണക്കിന് വ്യക്തികൾക്ക് നൽകിയത്രേ. നൂറു കണക്കിന് എന്നത് എത്രയാണെന്ന് അറിഞ്ഞുകൂടാ. വെറും നൂറേ ഉള്ളു എങ്കിലും പതിനായിരം കിലോഗ്രാം അരി വേണം. നൂറു കണക്കിനാകുമ്പോൾ വലിപ്പം പലമടങ്ങായി വർദ്ധിക്കും.

വചനഘോഷണക്കാരൻ തോമസ്കുട്ടി ദയവായി ഒരു ഉപകാരം ചെയ്യണം: ഇത്ര ഉഗ്രൻ വെടികൾ പൊട്ടിക്കുന്നതിനു മുൻപായി ഒരു മുന്നറിയിപ്പെങ്കിലും തരണം. അല്ലെങ്കിൽ പാവപ്പെട്ട വായനക്കാർ വെടിശബ്ദം കേട്ട് ഞെട്ടിപ്പോകും.


# ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608




# ഈയെന്റെ മകൻ മടങ്ങിയെത്തി

മുടിയൻ പുത്രന്റെ അപ്പന്റെ പേരെന്ത്? ഈയെൻ. ബൈബിളിൽ എവിടെയാണ് ഇങ്ങനെ പറയുന്നത്? ലൂക്കോ.15:24. ഈയെന്റെ മകൻ മരിച്ചവനായിരുന്നു എന്നത്രേ പിതാവ് മുടിയൻ പുത്രനേക്കുറിച്ച് പറയുന്നത്. മുടിയൻ പുത്രൻ ഈയെന്റെ മകനാണെങ്കിൽ പിതാവിന്റെ പേര് ഈയെൻ എന്നാണെന്ന് തീർച്ച. (അടിപൊളി വ്യാഖ്യാനം).

കൈയ്യടിച്ച് പാട്ടുപാടുന്നത് താളം തെറ്റാതിരിക്കാൻ നല്ലതാണ്. പക്ഷേ പാട്ടുപാടുമ്പോൾ കൈയ്യടിക്കണമെന്നത് ദൈവവചനത്തിലെ അലംഘനീയമായ നിയമമാണ് എന്നത്രേ ചിലർ ധരിച്ചു വെച്ചിരിക്കുന്നത്. കൈയ്യടിക്കാത്തവരെ അനാത്മീയരായാണ് മിക്കവരും കണക്കാക്കുന്നതും. കൈയ്യടിക്കണമെന്ന് എവിടെയാണ് എഴുതി വെച്ചിരിക്കുന്നത്? പത്തു കമ്പിയുള്ള വീണകൊണ്ട് ദൈവത്തെ ആരാധിക്കണം എന്ന് സങ്കീ.92:2ൽ പറയുന്നു. ഏതാണ് പത്തു കമ്പിയുള്ള വീണ? പത്തു വിരലുള്ള കൈകൾ തന്നെ. (കാലിലും പത്തു വിരൽ ഉണ്ടല്ലോ എന്നും മറ്റും ചോദിക്കരുത്. പറയുന്നത് കേട്ടാൽ മതി). ഈ വ്യാഖ്യാനം പോരാ എന്നു തോന്നുന്നവർക്ക് പോൾ ഗോപാലകൃഷ്ണന്റെ സ്വന്തം കണ്ടുപിടുത്തം ഉപയോഗിക്കാം. ''അത്യുച്ചനാദമുള്ള കൈത്താളങ്ങളോടെ അവനെ സ്തുതിപ്പീൻ'' എന്ന് സങ്കീ. 150:5ൽ പറയുന്നു. കൈകൊണ്ട് താളമടിക്കുന്നതാണ് കൈത്താളം എന്നതിന് സംശയമില്ലല്ലോ. പക്ഷേ ഈ വാക്യം ഇംഗ്ലീഷിലോ മറ്റേതെങ്കിലും ഭാഷയിലോ വായിച്ചാൽ കാര്യം കുഴയും. കൈത്താളം എന്നത് ഇലത്താളം ആകും. (Praise him upon the loud cymbals: praise him upon the high sounding cymbals).

ഏഴ് എന്നൊരു സംഖ്യ എവിടെ കണ്ടാലും മാനസാന്തരം, സ്നാനം, പരിശുദ്ധാത്മാഭിഷേകം എന്നിങ്ങനെ ഏഴെണ്ണം പറയും. കുഞ്ഞാട് എഴു മുദ്രയുള്ള പുസ്തകം തുറന്നു എന്നതുപോലും ഈ വിധത്തിൽ വ്യാഖ്യാനിക്കുന്ന വീരൻമാരുണ്ട്. ഏതു നദിയും പരിശുദ്ധാത്മാവാണ്. എല്ലാ ചെരുപ്പും സമാധാന സുവിശേഷത്തിനുള്ള ഒരുക്കമാണ്. അങ്കി എന്നത് നീതിപ്രവൃത്തിയും.

എല്ലാം അറിയാം എന്ന ഭാവമുണ്ടായാൽ പിന്നെ രക്ഷയില്ല. തെറ്റു സമ്മതിക്കാനോ തെറ്റു തിരുത്താനോ മനസ്സുണ്ടാകുകയുമില്ല. പെന്തക്കോസ്ത് ഉപദേശിമാരിൽ ഭൂരിപക്ഷത്തിനും പറ്റിയിരിക്കുന്നത് ഈ തെറ്റാണ്. അവർ കേട്ടു വളർന്ന ചിലതൊക്കെയുണ്ട്. അത് വേദവാക്യമായി എടുക്കും. അതെല്ലാം അതേപടി പ്രസംഗിക്കും. ചോദ്യം ചെയ്യാൻ ആരെങ്കിലും തയ്യാറായാൽ പ്രസംഗകന് കോപം വരും. ചോദ്യകർത്താവിനെ ശപിക്കും. അഭക്തനും അവിശ്വാസിയുമായി മുദ്രകുത്തും. നേരേ നരകത്തിലേക്ക് പറഞ്ഞയയ്ക്കും. ഇത്തരക്കാരുടെ പ്രസംഗം കേട്ട് കൈയ്യടിക്കാനും ഹാലേലൂയ്യാ പറയാനും ആളുള്ളപ്പോൾ പേടിക്കേണ്ടതുമില്ലല്ലോ.

തോന്നിയതുപോലെ വ്യാഖ്യാനിച്ച് വളച്ചൊടിക്കാനുള്ളതല്ല ജീവനുള്ള ദൈവത്തിന്റെ വചനം. ബൈബിൾ ഉപയോഗിച്ച് ബൈബിൾ വ്യാഖ്യാനിച്ചാൽ തീരുന്ന പ്രശ്നമേ ഇവിടെയുള്ളൂ. Let the Bible interpret itself എന്ന പ്രമാണം സ്വീകരിക്കുക. എത്ര ഉന്നതനായ വ്യക്തി പറഞ്ഞതായാലും ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ അംഗീകരിക്കരുത്. സംശയം ചോദിക്കുന്നത് പാപമല്ല. ദൈവത്തെ മാത്രമേ ചോദ്യം ചെയ്യാതെ അനുസരിക്കേണ്ടതുള്ളൂ.

പഴയനിയമം നിഴലും പുതിയനിയമം പൊരുളുമാണ്. പഴയനിയമത്തിലുള്ള ഒരു കല്പനയും പുതിയനിയമ വിശ്വാസി അനുസരിക്കേണ്ടതില്ല. പുതിയനിയമത്തിലുള്ള കല്പനകൾ അനുസരിക്കയും വേണം. പഴയനിയമത്തിലെ ശത്രു പുതിയനിയമ വിശ്വാസിക്ക് സാത്താനാണ്.

സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്ത് ദൈവവചനം വ്യാഖ്യാനിക്കുന്നത് ഒഴിവാക്കണം. ആരു പറഞ്ഞു, ആരോടു പറഞ്ഞു, എപ്പോൾ പറഞ്ഞൂ, എന്തിനു പറഞ്ഞൂ എന്നൊക്കെ നോക്കി വേണം സംഭാഷണങ്ങൾ വ്യാഖ്യാനിക്കുവാൻ. അതുപോലെ, എപ്പോൾ സംഭവിച്ചു, എവിടെ സംഭവിച്ചു എന്നൊക്കെ മനസ്സിലാക്കി സംഭവങ്ങൾ വ്യാഖ്യാനിക്കണം. പഴയനിയമം നിഴലാണെങ്കിലും പഴയനിയമത്തിലെ എല്ലാ സംഭവങ്ങൾക്കും പൊരുൾ തപ്പുന്നത് ശരിയായ നടപടിയല്ല. അക്ഷരാർത്ഥത്തിൽ എടുക്കാൻ കഴിയുന്നത് അങ്ങനെതന്നെ എടുക്കണം. പഴയനിയമത്തിലെ ചില സംഭവങ്ങൾ പുതിയനിയമത്തിൽ ആത്മീയ അർത്ഥത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. അത് അംഗീകരിക്കണം. അതിരു കടക്കരുത്.

ഇന്നത്തെ വ്യാഖ്യാനങ്ങളിൽ നല്ലൊരു പങ്ക് ദൈവവചനാനുസൃതമല്ല. അവ ഒഴിവാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സങ്കീർത്തനങ്ങളാണ് ഏറ്റവും അധികം ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നത്. അതുകൊണ്ട് സങ്കീർത്തനങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നത് നിർത്തണം. പുതിയനിയമ വിശ്വാസിയുടെ ആധാരം പുതിയ നിയമമാണ്. അതുകൊണ്ട് പുതിയനിയമത്തിന് പ്രാധാന്യം കൊടുക്കണം.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ജെ.സി.ദേവ് പെന്തക്കോസ്തിൽ മടങ്ങിയെത്തി എന്നത് ഒരു നല്ലകാര്യമല്ലേ? അതിനെതിരെ ഡിഫെൻഡർ എഴുതുന്നതെന്തുകൊണ്ട്?

■ അല്പം വളച്ചുകെട്ടാതെ ഇതിന് മറുപടി പറയാൻ ബുദ്ധിമുട്ടാണ്. ദൈവസഭ എന്നത് ഈ ലോകത്തുള്ള ഏതെങ്കിലും സംഘടനല്ല എന്ന് ആദ്യമായി മനസ്സിലാക്കുക.

കത്തോലിക്കരുടെ ഉപദേശത്തിൽ 5% സത്യവും 95% ഭോഷ്ക്കുമാണുള്ളത്. മാർത്തോമ്മാ സഭയുടെ കാര്യത്തിൽ ഇത് 50–50 ആണെന്നു പറയാം. ബ്രദറൺ ഉപദേശത്തിൽ 90% ശരിയും 10% തെറ്റുമാണ്. പെന്തക്കോസ്ത് ഉപദേശത്തിൽ 95% ശരിയും 5% തെറ്റുമാണുള്ളത്. 100% ശരിയായ ഉപദേശമുള്ള ഒരു സംഘടനയും നിലവിലില്ല. ഇനി വിഷയത്തിലേക്ക് മടങ്ങിവരാം.

മൂന്നു പതിറ്റാണ്ടു മുൻപ് ദേവ് പെന്തക്കോസ്ത് ഉപദേശങ്ങളിൽ വിശ്വസിച്ചിരുന്നു. പരിശുദ്ധാത്മാഭിഷേകം പ്രാപിക്കയും അന്യഭാഷ സംസാരിക്കയും ചെയ്തിരുന്നു. അത്രത്തോളം നല്ലത്.

വിശ്വാസികൾക്ക് പരീക്ഷകളും പ്രതിബന്ധങ്ങളും ഉണ്ടാകും. അതിനെ അതിജീവിക്കണം. അതിനുള്ള കൃപ ദൈവം നൽകും. ദേവിനും പരീക്ഷയുണ്ടായി. പെന്തക്കോസ്തിലുള്ള ആരോ കൊഞ്ഞനം കുത്തി എന്നോമറ്റോ ആണ് കേട്ടത്. കാര്യം എന്തു തന്നെ ആയാലും അത്ര ഗൗരവമുള്ളതായിരുന്നില്ല. പക്ഷേ അപകർഷതാബോധത്തിന്റെ ആൾരൂപമായ ദേവിന് അത് സഹിക്കാൻ കഴിഞ്ഞില്ല.

അങ്ങനെ ദു:ഖിച്ച് കഴിയുന്നതിനിടയിലാണ് ചില ബ്രദറുകാർ ദേവിനെ പ്രസംഗിക്കാൻ വിളിച്ചത്. പെന്തക്കോസ്തുകാരെ അപേക്ഷിച്ച് മാന്യൻമാരാണ് ബ്രദറുകാർ. അതുകൊണ്ട് അവർ ദേവിനോട് മാന്യമായി പെരുമാറി. സാമ്പത്തികമായി സഹായിക്കുകയും ചെയ്തു. ക്രമേണ ദേവ് ബ്രദറൺ സഭയോട് അടുത്തു. ലോത്ത് കൂടാരം മാറ്റി മാറ്റി അടിച്ച് സോദോമിൽ എത്തിയതുപോലെ ദേവ് പരിശുദ്ധാത്മാവിനേയും അറിഞ്ഞ സത്യത്തേയും വിറ്റ് ബ്രദറൺ പായസം കുടിച്ചു.

മൂപ്പതു വർഷത്തോളം കാലം ദേവ് ബ്രദറൺ സഭയുമായി സഹകരിച്ച് കഴിഞ്ഞുകൂടി. ബ്രദറൺ ഉപദേശം തെറ്റാണെന്ന് ദേവ് ഈ കാലത്ത് ഒരിക്കൽപ്പോലും പറഞ്ഞിട്ടില്ല. ദേവ് പണ്ട് അന്യഭാഷ പറഞ്ഞത് ഏതാത്മാവിലായിരുന്നു എന്ന് ഡിഫെൻഡർ പലവട്ടം ചോദിച്ചിട്ടും ദേവ് മറുപടി പറഞ്ഞില്ല. സത്യം പറഞ്ഞാൽ ബ്രദറുകാർ പടിക്കു പുറത്താക്കും. അതുകൊണ്ട് മിണ്ടിയില്ല. ബ്രദറുകാർ കൊടുക്കുന്ന പായസം വടിച്ചുനക്കി ഏമ്പക്കവും വിട്ട് ദേവ് കഴിഞ്ഞുകൂടി. അടുത്ത കാലത്ത് ഒരു ഗൾഫ് പര്യടനവും നടത്തി. അങ്ങനെ ബ്രദറുകാരെ പരമാവധി പിഴിഞ്ഞു. ഇനി ബ്രദറുകാരിൽ നിന്ന് ഒന്നും കിട്ടാനില്ല എന്ന സ്ഥിതി വന്നു. അങ്ങനെയാണ് പെന്തക്കോസ്തിലേക്ക് കടക്കാൻ തീരുമാനിച്ചത്.

ആദർശത്തിന്റെ പേരിലാണോ ദേവ് പെന്തക്കോസ്ത് ഉപദേശം വിട്ട് ബ്രദറൺ സഭയിലേക്ക് പോയത്? അല്ലെന്നു വ്യക്തം. പെന്തക്കോസ്തുകാർ അവഗണിച്ചപ്പോൾ സത്യത്തെ ചവറ്റുകുട്ടയിൽ തള്ളിയിട്ട് ഭോഷ്ക്ക് സ്വീകരിച്ചു. പരിശുദ്ധാത്മാവിനെ വിറ്റ് നാളിതുവരെ കഴിഞ്ഞുകൂടി. ഇപ്പോൾ ബ്രദറൺ സഭ വിട്ട് പെന്തക്കോസ്തിൽ വന്നിരിക്കുന്നു. അതും ആദർശത്തിന്റേയോ വിശ്വാസത്തിന്റേയോ പേരിലല്ല. ബ്രദറുകാർ അവഗണിക്കുന്നു എന്നൊരു തോന്നൽ. പെന്തക്കോസ്ത് നല്ല മേച്ചിൽപുറമാണെന്ന് വ്യക്തമാകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഗവേഷണത്തിന്റേയും ഉണർവ്വിന്റേയും ഒക്കെ പേരിൽ പുകമറ സൃഷ്ടിച്ച് ദേവ് പെന്തക്കോസ്തിലെത്തി. ഇത് അഭിനന്ദനാർഹമായ കാര്യമായി ഡിഫെൻഡറിന് തോന്നുന്നില്ല. അതുകൊണ്ട് ഡിഫെൻഡർ ദേവിനെ വിമർശിക്കുന്നു.

ദേവ് പെന്തക്കോസ്തിൽ വന്നതോടെ പെന്തക്കോസ്തിന് പുത്തൻ പ്രത്യാശ ഉണ്ടായിരിക്കുന്നതായി ഒരു ശുംഭന്റെ പത്രത്തിൽ കണ്ടു. പെന്തക്കോസ്ത് ആശയറ്റ സ്ഥിതിയിലായിരുന്നു എന്നും ദേവ് വന്നതോടെ ആശിക്കാനുള്ള വക കിട്ടി എന്നുമാണ് ഈ കൂട്ടക്ഷരവൈരി പറഞ്ഞുവെയ്ക്കുന്നത്. ഇത്ര ദനീയമായ സ്ഥിതിയിലാണ് പെന്തക്കോസ്ത് പ്രസ്ഥാനമെങ്കിൽ പെന്തക്കോസ്തിന് നിലനിൽക്കാൻ അവകാശമില്ല.

ദേവ് കാറ്റു നിറച്ച ബലൂൺ പോലെയാണ്. ആനപോലെ വലിപ്പമുണ്ടെങ്കിലും ഉള്ളിൽ വായുവല്ലാതെ ഒന്നുമില്ല. ദേവ് ഗവേഷകനാണെന്നൊക്കെ ദേവ് പ്രചരിപ്പിക്കുന്നുണ്ടെങ്കിലും ഗവേഷണമെന്നാൽ എന്തെന്നുപോലും ഈ പത്താംക്ലാസ്സുകാരന് അറിഞ്ഞുകൂടാ.

ദേവ് പെന്തക്കോസ്തിലെത്തിയത് പെന്തക്കോസ്ത് സഭകൾക്ക് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ. പരിശുദ്ധാത്മാവിനെതിരേയുള്ള ദൂഷണം ഒരു നാളും ക്ഷമിക്കയില്ല എന്ന് കർത്താവായ യേശുക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്. കർത്താവിൽ വിശ്വസിക്കുന്നവർ കർത്താവു പറഞ്ഞത് വിശ്വസിക്കുക. പെന്തക്കോസ്ത് നേതാക്കൻമാരെ വിശ്വസിക്കുന്നവർ ദേവെന്ന മഹാപാപിയെ രണ്ടുകൈയ്യും നീട്ടി സ്വീകരിക്കുക.



# ടി.ജെ.ശമുവേൽ ശാസിച്ചു പിശാച് യു.പി. വിട്ടോടി

തുത്തുകുണുക്കിപ്പക്ഷി എന്നൊരു പക്ഷിയേക്കുറിച്ച് കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. സദാ വാല് കുലുക്കിക്കൊണ്ടാണ് ഈ പക്ഷിയുടെ നടപ്പ്. താൻ വാല് കുലുക്കുമ്പോൾ ഭൂലോകം മുഴുവൻ കുലുങ്ങുന്നു എന്നാണ് ഈ ചങ്ങാതിയുടെ ചിന്ത. ടി.ജെ.ശമുവേലും ഏറെക്കുറെ ഇങ്ങനെയാണ്. ഈ ചങ്ങാതി കുലുങ്ങുമ്പോൾ ഉലകം കുലുങ്ങുമത്രേ. ഇദ്ദേഹം ഒറ്റ ശാസനകൊണ്ട് ഉത്തർ പ്രദേശിലെ സാത്താനെ നാടുകടത്തി. വിശദീകരിക്കാം.

ചവർ ചാനലിൽ ഈയിടെ ടി.ജെ.ശമുവേലിന്റെ ഒരു പ്രസംഗം ഉണ്ടായിരുന്നു. എ.ജിയുടെ ഏതോ ഒരു കൺവെൻഷനിൽ പ്രസംഗിച്ചതാണ്. സാത്താനേക്കുറിച്ചൊക്കെ പറഞ്ഞ് ഈ എളിയ അഹങ്കാരി കത്തിക്കയറുകയാണ്. ഇദ്ദേഹവും ഭാര്യയും കൂടി യു.പിയിലുള്ള ഏതോ ഒരു സ്ഥലത്ത് പ്രസംഗിക്കാനെത്തി. രാത്രിയിൽ ആരോ വാതിൽക്കൽ മുട്ടുന്നു. ആളെ പിടികിട്ടി. പിശാചുതന്നെ. എന്താ വന്നത് എന്ന് അന്വേഷിച്ചു. വളച്ചുകെട്ടാതെ പിശാച് കാര്യം പറഞ്ഞു. ഒരു അഡ്ജസ്റ്റ്മെന്റിലൊക്കെ പോയാൽ രണ്ടുകൂട്ടർക്കും നന്ന്. അതായത് ടി.ജെ.ശമുവേൽ പിശാചിനെ ഉപദ്രവിക്കരുത്. പിശാചിന്റെ ആളുകളെ പിടിച്ച് ദൈവമക്കളാക്കരുത്. ഇങ്ങനെ അഡ്ജസ്റ്റ് ചെയ്താൽ സാത്താനും അഡ്ജസ്റ്റ് ചെയ്യും. ടി.ജെ.ശുവേലിന് കുഴപ്പമൊന്നും ഉണ്ടാക്കില്ല.

എ.ജിയിലെ സിംഹമായ ടി.ജെ.ശമുവേൽ ഉണ്ടോ വിടുന്നു. അദ്ദേഹം സാത്താനെ അത്യുഗ്രമായി ആട്ടി. ഭ, ഇറങ്ങെടാ സാത്താനെ. നിന്നോട് ഞാൻ അഡ്ജസ്റ്റ് ചെയ്യാനോ? സാത്താൻ ഞെട്ടിപ്പോയി. (മന്ത്രിമാർ ഞെട്ടുന്നതുപോലെയല്ല). ശരിക്കും ഭയന്നു വിറച്ചു. വിറച്ചു പോകുമല്ലോ. അങ്ങനെ സാത്താൻ ആ സ്ഥലത്തുനിന്നു മാത്രമല്ല യു.പിയിൽ നിന്നുതന്നെ വിട്ടുപോയി.

ഫലമോ? ഇപ്പോൾ യു.പിയിൽ കൺവെൻഷൻ വെച്ചാൽ അൻപതിനായിരം ആളുവരെ കൂടുമെന്ന് പാസ്റ്റർ മോഹൻ പറഞ്ഞത്രേ. (അമ്പടാ ഞാനേ).

ടി.ജെ.ശമുവേലിനോട് ഡിഫെൻഡറിന് പറയാനുള്ളത് ഇതാണ്: ഇത്തരം കഥകൾ വീട്ടിലിരുന്ന് പെണ്ണുംപിള്ളയോട് പറയുക. സ്റ്റേജിൽ നിന്ന് ഇത്ര വലിയ വെടി പൊട്ടിക്കരുത്.

# ട്രാവന്റെ അലറൽ അസഹനീയം

ട്രാവൻ എന്നൊരു ഗായകൻ പെന്തക്കോസ്ത് വിശ്വാസിയായെന്ന് കേട്ടിരുന്നു. പക്ഷേ കഴിഞ്ഞ ദിവസം ചവർ ചാനലിൽ ഈ വിദ്വാനെ കാണാനിടയായി. സത്യം പറഞ്ഞാൽ പേടിച്ചുപോയി. മനുഷ്യന് ഇത്ര വികൃതമായി അലറാൻ കഴിയുമെന്ന് ഇപ്പോഴാണ് മനസ്സിലായത്. എന്തൊരു കോലാഹലമാണപ്പാ ഇത്?

ചവറിന്റെ ഉദ്ഘാടന സമ്മേളനമാണ് രംഗം എന്നു തോന്നുന്നു. ദിവസം നാലുനേരം വീതം ഇത് കഴിഞ്ഞ മൂന്നു മാസമായി മുടങ്ങാതെ കാണിക്കുന്നുണ്ട്.

ട്രാവൻ പാട്ടുപാടുകയാണെന്ന് പറയപ്പെടുന്നു. വിചിത്രമായ വേഷത്തിലാണ് ഇഷ്ടൻ എത്തിയിരിക്കുന്നത്. ഹാലേലൂയ്യായാണ് പാടുന്നത്. തകർത്ത ഇടിമുഴക്കം പോലെയും പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെയും സ്വർഗ്ഗത്തിൽ കേട്ട ശബ്ദമാണിത്. പക്ഷേ ഹാലൂസിനേഷൻ ബാധിച്ച ഭ്രാന്തൻ ഭയന്ന് അലറുന്നതുപോലെയാണ് ട്രാവൻ ഹാലേലൂയ്യാ പാടിയത്. ചിരവ പോലെയുള്ള ഒരു സംഗീതോപകരണവുംകൊണ്ട് ഒരു ചെറുക്കൻ വട്ടമിടുന്നുമുണ്ടായിരുന്നു. ഇതെന്തുതരം ആത്മീയതയാണെന്ന് പിടികിട്ടുന്നില്ല.

അമ്മെ തല്ലിയാലും രണ്ടുപക്ഷം എന്നു പറഞ്ഞതുപോലെ ട്രാവനെ അഭിനന്ദിക്കാനും ആളുണ്ടാകും എന്നു തീർച്ച. അതുകൊണ്ടാണല്ലോ ഇയാൾക്ക് ഇരിക്കപ്പൊറുതിയില്ലാതെ പ്രോഗ്രാം ലഭിക്കുന്നത്. കെ.സി.ജോൺ ഇദ്ദേഹത്തെ ക്ഷണിച്ചുവരുത്തിയതും ഈ കാരണത്താൽത്തന്നെ. പക്ഷേ രക്ഷിക്കപ്പെട്ട ദൈവമക്കൾ സൂക്ഷിക്കുക. ഇത് എന്തോ കുഴഞ്ഞ കേസ്സാണ്. അതുകൊണ്ട് ട്രാവനുമായും ഇയാളുടെ പാട്ട് ഇഷ്ടപ്പെടുന്നവരുമായും അകലം സൂക്ഷിച്ചുകൊള്ളുക.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3232356
മൊബൈൽ: 94474 14608




# കെ.പിക്കെതിരെ ജാലകം പ്രതികരിച്ചു

കെ.പി.യോഹന്നാൻ ഈ കോലാഹലമൊക്കെ ഉണ്ടാക്കിയിട്ടും ഡിഫെൻഡർ ഒഴികെ ഒരു പത്രവും പ്രതികരിക്കാൻ ധൈര്യം കാണിച്ചിരുന്നില്ല. എന്നാൽ തിരുവല്ലയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ജാലകം കെ.പി. യോഹന്നാനെതിരെ ശക്തമായി പ്രതികരിക്കാൻ ധൈര്യം കാണിച്ചിരിക്കുന്നു. ജാലകത്തിന്റെ ഏപ്രിൽ ലക്കത്തിൽ ''ഈ മനുഷ്യന് എന്തുപറ്റി'' എന്നതലക്കെട്ടോടെ പ്രസിദ്ധീകരിച്ച ലേഖനമാണ് കെ.പി.യോഹന്നാന്റെ തിൻമകളേയും വഴിവിട്ട പോക്കിനേയും നിശിതമായി വിമർശിക്കുന്നത്.

മദ്ധ്യതിരുവിതാംകൂറിൽ ജനിച്ചു വളർന്ന ഈ സാധാരണക്കാരൻ ലോകത്തോളം വളർന്നപ്പോൾ നാം സന്തോഷിച്ചു. പക്ഷേ ഇന്ന് കെ.പി.യോഹന്നാൻ ആത്മീയമായി തളർന്നിരിക്കുന്നു.

ലേഖനം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്: ''ഒന്നുകിൽ താങ്കൾക്ക് മെഗലോമാനിയ ബാധിച്ചിരിക്കുന്നു. അല്ലെങ്കിൽ സാത്താന്റെ കരങ്ങളിൽ ആയുധമായിരിക്കുന്നു. ഇത് കടുത്ത ചിത്തഭ്രമത്തിലേക്ക് വഴിനയിക്കും. അതിനുമുൻപ് ദൈവാത്മാവിനും ദൈവവചനത്തിനും കീഴടങ്ങുക''

പെന്തക്കോസ്ത് പത്രങ്ങളിൽ വളരെ അപൂർവ്വമായേ ഇക്കാലത്ത് പ്രവാചകശബ്ദം മുഴങ്ങാറുള്ളൂ. ജാലകത്തിന്റെ സ്ഥിതിയും ഇതുതന്നെ. പക്ഷേ പതിവിനു വിപരീതമായി ജാലകം സത്യം പറയാൻ ധൈര്യം കാണിച്ചിരിക്കുന്നു. കൊള്ളാം. ഇങ്ങനെയാണ് ചെയ്യേണ്ടത്.

# വ്യാജഡോക്ടർക്കെതിരെ നടപടിയുണ്ടാകും

എയ്ഡ്സും ക്യാൻസറും ഉൾപ്പെടെയുള്ള രോഗങ്ങൾ പ്രാർത്ഥിച്ച് സൗഖ്യമാക്കും എന്ന് പ്രഖ്യാപിച്ച് പരസ്യം നൽകിയ ബേബി മർക്കോസ് എന്ന വ്യാജ പാസ്റ്റർക്കെതിരെ സർക്കാർ തലത്തിൽ നടപടി ഉണ്ടായേക്കും. ഇത്തരം കള്ളൻമാർക്കെതിരെ നിയമയുദ്ധം നടത്തുന്ന ഡോ.സേവ്യർ പോൾ (കൊല്ലം) ഇതേപ്പറ്റി അധികാരികൾക്ക് പരാതി അയച്ചിട്ടുണ്ട്. ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ആക്ട് അനുസരിച്ച് കുറ്റകരമായ കൃത്യമാണ് ബേബി മർക്കോസ് ചെയ്തിരിക്കുന്നത് എന്ന് ഡോ.സേവ്യർ പോൾ ഡിഫെൻഡറിനെ അറിയിച്ചു. ഒരു കോളനിയിൽ മൂന്നരസെന്റ് സ്ഥലം അനധികൃതമായി കൈവശപ്പെടുത്തി കുടിൽ കെട്ടിയാണ് ഈ കള്ളൻ ആശുപത്രിയെന്ന പേരിൽ ബിസിനസ്സ് നടത്തുന്നത് എന്ന് ഡിഫെൻഡറിന്റെ അന്വേഷണത്തിൽ അറിവായിട്ടുണ്ട്.

# യോസഫ് സ്വപ്നം കണ്ടു കെ.സി.ജോണും കണ്ടൂ സ്വപ്നം

യോസഫ് പണ്ട് ചില സ്വപ്നങ്ങളൊക്കെ കണ്ടു. അത് ദൈവം നൽകിയതായിരുന്നു. ദൈവം ആ സ്വപ്നങ്ങൾ നിറവേറ്റിക്കൊടുക്കുകയും ചെയ്തു. പാപം ചെയ്യാൻ അവസരം ലഭിച്ചപ്പോൾ അതുവിട്ടോടി ജയിലിൽ കയറിയ യോസഫിനെ ദൈവം അനുഗ്രഹിച്ചു.

കെ.സി.ജോണും കുറെ പേക്കിനാവുകൾ കാണുന്നുണ്ട്. ചാനൽ വളർന്നു വികസിക്കുന്നു. ഉലകം മുഴുവൻ വ്യാപിക്കുന്നു. ബില്ലീഗ്രഹാമിനേപ്പോലെ കെ.സി.ജോൺ വലിയൊരു പ്രസംഗകനാകുന്നു, ഇത്യാദി. പക്ഷേ പാപം ചെയ്യാനുള്ള ഒരവസരവും കെ.സി.ജോൺ വെറുതെ കളഞ്ഞിട്ടില്ല. സ്വന്തം അമ്മായിയമ്മയെ വരെ വ്യഭിചരിച്ചു. യോസഫിന്റെ സ്വപ്നം പൂവണിഞ്ഞതുപോലെ ഈ പരമനീചന്റെ സ്വപ്നവും യാഥാർത്ഥ്യമാകുമോ? ചാനൽ വളരുമോ? കെ.സി.ജോൺ ബില്ലീഗ്രഹാമാകുമോ? എങ്കിൽ കാക്ക മലർന്നു പറക്കും.



# നാഗാലാന്റ് സ്മരണകൾ



ഏറെത്താമസിയാതെ എനിക്കെല്ലാം മനസ്സിലായി. മന്ത്രിക്ക് പ്രിൻസിപ്പാളിനേയും ഹെഡ്മാസ്റ്ററേയും ഇഷ്ടമല്ല. പക്ഷേ സ്കൂൾ തുടങ്ങിയ കാലം മുതൽ ജോലി നോക്കുന്ന വ്യക്തികളാകയാൽ അവരെ പിരിച്ചുവിടാൻ മടിയുമാണ്. അതുകൊണ്ട് അവർ സ്വയം രാജിവെച്ചുപോകാൻ പരോക്ഷമായി പ്രേരിപ്പിക്കയെന്നതാണ് പ്ലാൻ. അതുകൊണ്ടാണ് അവരുടെ അധികാരങ്ങൾ വെട്ടിക്കുറച്ചിട്ട് എന്നെ അവരുടെ തലയ്ക്കു മുകളിൽ അവരോധിച്ചത്. എനിക്ക് ഇതൊട്ടും ഇഷ്ടമായില്ല. ഒരു സാധാരണ അദ്ധ്യാപകനായി ജോലിചെയ്യുക, കുറെ ട്യൂഷനെടുക്കുക എന്നിവയിൽക്കവിഞ്ഞൊന്നും എനിക്കു വേണ്ട. പക്ഷേ സാധാരണ വാദ്ധ്യാർക്ക് താമസസൗകര്യം ലഭിക്കയില്ല. ശമ്പളവും കുറവാണ്. അങ്ങനെ, കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ എന്ന നിലയിലായി ഞാൻ. ഏതായാലും അഡ്മിനിസ്ട്രേറ്ററായി തുടരാൻ തീരുമാനിച്ചു. പഴയ അഡ്മിനിസ്ട്രേറ്റർ ചില ആഴ്ചകൾക്കുശേഷം പിരിഞ്ഞുപോയി. സ്കൂൾ തുറന്നതോടെ എനിക്ക് ഒന്നിനും സമയമില്ലയെന്ന നിലയിലുമായി. നൂറ്റമ്പതോളം കുട്ടികൾ ഹോസ്റ്റലിലുണ്ട്. അവരിൽ അൻപതോളം പെൺകുട്ടികളാണ്. കുട്ടികളെ നോക്കാൻ വാർഡനും മറ്റുമുണ്ടെങ്കിലും പ്രധാന കാര്യങ്ങളിലെല്ലാം എന്റെ ശ്രദ്ധപതിഞ്ഞേ മതിയാകൂ. ഭക്ഷണസമയത്തു കുട്ടികളെ നിയന്ത്രിക്കാൻ ഞാൻ തീർച്ചയായും ഉണ്ടായിരിക്കണം. ദിവസവും കണക്കു നേക്കി പണം ബാങ്കിലിടണം. ഇങ്ങനെ പറഞ്ഞാലൊതുങ്ങാത്ത പ്രശ്നങ്ങൾ. ഭക്ഷണം കഴിക്കാൻ തന്നെ സമയം ലഭിക്കാതായി.

അമ്മയ്ക്കു കേരളത്തിലേക്ക് മടങ്ങണമെന്ന ആഗ്രഹമുദിച്ചു. അതിനുള്ള ക്രമീകരണങ്ങൾ ഒന്നൊന്നായി ചെയ്തു. ഗുവഹാത്തിയിൽനിന്നും ട്രെയിനിൽകയറ്റിവിടുക. ട്രെയിൻ എത്തുമ്പോൾ ആരെങ്കിലും കോട്ടയം റെയിൽവേ സ്റ്റേഷനിൽ കാത്തുനിൽക്കും. ഇതായിരുന്നു പരിപാടി. വേണ്ട ക്രമീകരണങ്ങളെല്ലാം ചെയ്തശേഷം അമ്മയെ യാത്രയാക്കി. ഏതാനും ദിവസങ്ങൾക്കുശേഷം അമ്മ നാട്ടിൽ സുഖമായി എത്തിച്ചേർന്നു.

പ്രിൻസിപ്പാളിന് ഏറെനാൾ മന്ത്രിയുമായി സഹകരിച്ചുപോകാൻ കഴിഞ്ഞില്ല. അയാൾ രാജിവെച്ചിറങ്ങിപ്പോയി. ഹെഡ്മാസ്റ്റർക്കും അത്ര തൃപ്തിയുണ്ടായിരുന്നില്ലയെങ്കിലും മറ്റു പോംവഴിയില്ലാതിരുന്നതുകൊണ്ട് ആ വർഷം തുടരാൻ തീരുമാനിച്ചു. ഏതായാലും പ്രിൻസിപ്പാളിന്റെ ജോലികൂടി എന്റെ തലയിലായി. വളരെ അധികാരങ്ങൾ ലഭിക്കുമ്പോൾ സന്തോഷിക്കുന്ന മനുഷ്യരുണ്ട്. പക്ഷേ ഞാൻ അത്തരക്കാരനായിരുന്നില്ല. സാഹചര്യത്തിന്റെ സമ്മർദ്ദം കൊണ്ട് ഞാൻ ഹെഡ്മാസ്റ്ററും അഡ്മിനിസ്ട്രേറ്ററും മറ്റും ആയെന്നേയുള്ളൂ. ഇതൊന്നും എനിക്ക് ഇഷ്ടമായിട്ടു തെരഞ്ഞെടുത്തതല്ല. വലിയൊരു കുടുംബത്തെ പോറ്റാൻ ഒരു സാധാരണ അദ്ധ്യാപകന്റെ വരുമാനം തികയുകയില്ലെന്ന കാരണമായിരുന്നു ഇത്തരം ചുമതലകളേല്ക്കാൻ എന്നെ പ്രേരിപ്പിച്ചത്.

മദ്യത്തിനും മയക്കുമരുന്നിനും നാഗാലാന്റിലുള്ള സ്വാധീനം വലുതാണ്. യുവജനങ്ങളിൽ 95 ശതമാനവും മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവരാണ്. ഈ വിഷയം അല്പം വിശദമായിത്തന്നെ വിവരിക്കേണ്ടിയിരിക്കുന്നു.

പ്രാചീനകാലം മുതൽ തന്നെ നാഗന്മാർ മദ്യം ഉപയോഗിച്ചിരുന്നു. പുളിപ്പിച്ച ഒരു വക കഞ്ഞിവെള്ളമായിരുന്നു അവരുടെ മദ്യം. ചോറിൽ വെള്ളമൊഴിച്ച് ചില വേരുകളും മറ്റും ചതച്ചിട്ട് പുളിപ്പിച്ചെടുക്കും. ഓരോ ഗോത്രഭാഷയിലും ഓരോ പേരിലാണ് ഇത് അറിയപ്പെടുന്നത്. നാഗാമീസിൽ 'മധു' എന്നും ഇംഗ്ലീഷിൽ Rice Beer എന്നും വിളിച്ചു വരുന്നു. കള്ളിന്റെ മണവും ഗുണവുമാണിതിനുള്ളത്. നാഗന്മാരുടെ ദേശീയ പാനീയമാണിതെന്നു പറയാം. വലിയ ബുദ്ധിമുട്ടു കൂടാതെ നിർമ്മിക്കാവുന്നതാകയാൽ ഇതൊരു കുടിൽ വ്യവസായം പോലെ നടത്തിവരുന്നു. മധുവിന്റെ നിർമ്മാണവിദ്യ കേരളത്തിലറിയാത്തതു ഭാഗ്യം. അല്ലെങ്കിൽ ഇവിടെയും ഇതൊരു കുടിൽവ്യവസായമാകുമായിരുന്നു.

കാലാകാലങ്ങളായി മധു കുടിച്ചുവന്ന നാഗന്മാർക്ക് ഒരു വക 'മദ്യ സംസ്കാരം' രക്തത്തിൽത്തന്നെ ഉണ്ടെന്നു പറയാം. ഇതായിരിക്കാം ഇവരെ ഇത്രമാത്രം മദ്യാസക്തരും മറ്റുമാക്കിത്തീർത്തത്. ഞാൻ നാഗാലാന്റിലെത്തിയ കാലത്ത് വിദേശ മദ്യമെന്നറിയപ്പെടുന്ന സ്വദേശ മദ്യം നാഗാലാന്റിൽ സുലഭമായിരുന്നു. ചെറിയ പട്ടണമായ വൊക്കയിൽത്തന്നെ നാലു മദ്യക്കടകൾ ഉണ്ടായിരുന്നു. കൊഹീമ, ദിമാപൂർ തുടങ്ങിയപട്ടണങ്ങളിൽ സ്ഥിതി അത്യന്തം വഷളായിരുന്നുതാനും. സന്ധ്യയായാൽ സുബോധമുള്ള അധികം പേർ ബാക്കിയുണ്ടാവില്ല.

ഗവൺമെന്റിന്റെ മദ്യനയത്തിനെതിരെ ക്രിസ്തീയ നേതാക്കന്മാർ സന്ധിയില്ലാ സമരത്തിനിറങ്ങി. നാഗാലാന്റിൽ ക്രിസ്തീയ നേതാക്കന്മാർ വലിയൊരു ശക്തിയാണ്. അവരെ എതിർക്കാൻ രാഷ്ട്രീയക്കാർ തയ്യാറാകയില്ല. അഥവാ എതിർത്താലും ജയിക്കയുമില്ല. ചില വർഷങ്ങൾ ഈ സമരം നീണ്ടുപോയി. എന്നാൽ 1990 ഏപ്രിൽ 1-ാം തീയതി മുതൽ നാഗാലാന്റിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കേണ്ടി വന്നു. അങ്ങനെ ഗവൺമെന്റ് മുട്ടുമടക്കി. സമ്പൂർണ്ണ മദ്യനിരോധനമെന്നു പറയാറുണ്ടെങ്കിലും അത്ര സമ്പൂർണ്ണമല്ല. മധു സ്വന്ത ഉപയോഗത്തിനായി ഉണ്ടാക്കുന്നതിനു വിരോധമില്ല. കുടിക്കയുമാകാം. പക്ഷേ വിൽക്കരുത്. ഇത്തരമൊരു നിയമം എത്രമാത്രം പഴുതുകളുള്ളതാണെന്നു പറയേണ്ടതില്ലല്ലോ. മദ്യം ഉണ്ടാക്കുന്നവനെ നിയമത്തിനൊന്നും ചെയ്യാൻ സാധിക്കയില്ല. സ്വന്തം ഉപയോഗത്തിനാണെന്നു പറഞ്ഞാൽ മതി. മദ്യപിച്ചു നടക്കുന്നവനെ ശിക്ഷിക്കാനുമാവില്ല. അവൻ സ്വയമുണ്ടാക്കിയ മദ്യമാണ് കുടിച്ചത് എന്ന് വാദിച്ചാൽ മതിയല്ലോ. വില്ക്കുന്നതും ബുദ്ധിമുട്ടുള്ള കാര്യമല്ല. പരസ്യപ്പെടുത്തിയിട്ടല്ലല്ലോ വിൽക്കുന്നത്. ചുരുക്കത്തിൽ മധു മദ്യനിരോധനത്തിന്റെ പരിധിക്കുള്ളിലില്ല. പക്ഷേ മദ്യത്തിന്റെ വില്പന നിരോധിച്ചതോടെ മദ്യപാനം കുറഞ്ഞു എന്നതു സത്യംതന്നെ.

എന്നാൽ ഇതു മറ്റൊരു പ്രശ്നം സൃഷ്ടിച്ചു. മുൻകാലങ്ങളിലും നാഗന്മാർ മയക്കുമരുന്നുകൾ ഉപയോഗിച്ചിരുന്നു. എന്നാൽ മദ്യം ലഭിക്കാതായതോടെ മയക്കുമരുന്നുകളുടെ ദുരുപയോഗം ക്രമാതീതമായി വർദ്ധിച്ചു. മദ്യത്തേക്കാളധികം അഡിക്ഷൻ ഉണ്ടാക്കുവാൻ കഴിവുള്ളതാണെന്ന കാരണത്താൽ ഇത് വലിയൊരു പ്രശ്നമാണു താനും. ഈ വിഷയം മനസ്സിലാക്കുവാൻ മയക്കുമരുന്നുകളേപ്പറ്റി ചിലതെല്ലാം അറിഞ്ഞിരിക്കണം.

മദ്യം, പുകയില തുടങ്ങിയവ മയക്കുമരുന്നു തന്നെയാണെങ്കിലും ഇവയെപ്പറ്റി അധികം വിശദീകരണമാവശ്യമില്ലല്ലോ. ഗഞ്ചാവും നമുക്ക് സുപരിചിതനാണ്. കറുപ്പിന്റെ കാര്യവും അങ്ങനെ തന്നെ. എന്നാൽ ഹെറോയിൻ, ബ്രൗൺ ഷുഗർ തുടങ്ങിയവയെപ്പറ്റി നമ്മിൽ പലർക്കും അധികമൊന്നും അറിഞ്ഞുകൂടാ. കൊക്കെയിൻ, L.S.D തുടങ്ങിയവയുടെ കാര്യവും അങ്ങനെ തന്നെ. മയക്കുമരുന്നുകൾ ഉല്പാദിപ്പിക്കുന്നതിൽ കുപ്രസിദ്ധി നേടിക്കഴിഞ്ഞിരിക്കുന്ന 'സുവർണ്ണ ത്രികോണം' നാഗാലാന്റിൽ നിന്നും ഏറെ ദൂരെയല്ല. അവിടെനിന്നും വരുന്ന മയക്കു മരുന്നുകൾ നാഗാലാന്റ്, മണിപ്പൂർ തുടങ്ങിയ സംസ്ഥാനങ്ങളിലൂടെയാണ് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലെത്തുന്നത്. ഇക്കാരണത്താൽ നാഗാലാന്റിൽ മയക്കുമരുന്നുകൾ സുലഭമാണ്. വിലയും വളരെ തുച്ഛം. ഇത്തരം അനുകൂലസാഹചര്യങ്ങളോടൊപ്പം മദ്യനിരോധനം മൂലമുണ്ടായ പ്രത്യേക സാഹചര്യം കൂടിയായപ്പോൾ മയക്കുമരുന്നുകൾക്ക് നാഗാലാന്റിൽ പിടിമുറുക്കുവാൻ സാധിച്ചു. എന്റെ നിരീക്ഷണത്തിൽ, നാഗാലാന്റിലെ മയക്കു മരുന്നു പ്രശ്നത്തിന്റെ പ്രേരകശക്തികൾ തഴെ പറയുന്നവയാണ്.

1. മദ്യത്തോടും മയക്കുമരുന്നുകളോടും നാഗന്മാർക്ക് തലമുറകളായുള്ള ബന്ധം.
2. മദ്യനിരോധനം സൃഷ്ടിച്ച പ്രശ്നങ്ങൾ.
3. മയക്കുമരുന്നുകളുടെ ലഭ്യത.
4. മയക്കുമരുന്നുകളുടെ വിലക്കുറവ്.
5. അഡിക്ഷനുണ്ടാക്കാൻ മയക്കുമരുന്നുകൾക്കുള്ള കഴിവ്.
6. യുവാക്കളുടെ സാഹസമനോഭാവം.
7. അനുകരണഭ്രമം.
8. 'റിബൽ' ആയി അറിയപ്പെടുന്നതിലുള്ള 'ത്രിൽ'.
9. കുത്തഴിഞ്ഞ കുടുംബ ബന്ധങ്ങൾ
10. ക്രിസ്തീയ നേതാക്കളുടെ അലംഭാവം
11. പാശ്ചാത്യസംഗീതത്തിന്റെ സ്വാധീനം.

മദ്യം വേണ്ടത്ര ലഭിക്കാതായതോടെ നാഗന്മാർ മറ്റു മാർഗ്ഗങ്ങളിലേക്കു തിരിഞ്ഞു. കുറഞ്ഞവിലയ്ക്ക് ഹെറോയിൻ പോലുള്ള മയക്കുമരുന്നുകൾ കിട്ടാനുണ്ടായിരുന്നകൊണ്ട് അവർ അവ ഉപയോഗിക്കുവാൻ തുടങ്ങി. പുതിയവയ്ക്കായുള്ള അന്വേഷണവും അന്ധമായ അനുകരണഭ്രാന്തും യുവജനങ്ങളുടെ മുഖമുദ്രയാണല്ലോ. കേരളത്തിലേപ്പോലെ കുട്ടികളെ നിയന്ത്രിച്ചു വളർത്തുന്ന രീതിയൊന്നും നാഗാലാന്റിലില്ല. തന്നെത്താൻ സഞ്ചരിക്കാൻ പ്രായമായ ഏതു പെണ്ണിനും ചെറുക്കനും എവിടെയും പോകാം. ഇഷ്ടമുള്ളതു ചെയ്യാം. 'പോക്കറ്റ് മണി' ഇഷ്ടം പോലെ ലഭിക്കും. മാത്രമല്ല മാതാപിതാക്കൾക്കും മക്കളുടെ മുൻപിൽ ഞെളിഞ്ഞു നിൽക്കാൻ തക്ക നല്ലനടപ്പൊന്നും സാധാരണയായി ഉണ്ടായിരിക്കയുമില്ല.

ആധുനിക പാശ്ചാത്യ സംഗീതം ഒരുവക റിബൽ സംസ്കാരം വളർത്തുന്നു എന്നത് പരസ്യമായ രഹസ്യമാണല്ലോ. മയക്കുമരുന്നുകളുമായി വളരെയധികം ബന്ധമുള്ളവയാണ് ഇത്തരം സംഗീതം. ആധുനിക പാശ്ചാത്യ സംഗീതത്തോട് ഭ്രാന്തമായ ആവേശമുള്ളവർ ഏറെത്താമസിയാതെ മയക്കുമരുന്നുകളുടെ അടിമകളായിത്തീരാറുണ്ട്. ഇത്തരക്കാർക്ക് സമൂഹത്തോട് ഒരുവക വിദ്വേഷം ഉള്ളവരായും തീരുന്നു. നാഗാലാന്റിൽ സംഭവിച്ചിരിക്കുന്നതും ഇതുതന്നെ. റോക്ക് സംഗീതത്തിന് ഇത്രമാത്രം അടിമപ്പെട്ടു കഴിഞ്ഞിരിക്കുന്ന മറ്റൊരു ജനവർഗ്ഗം ഇന്ത്യയിലുണ്ടോ എന്നു സംശയമാണ്. ഈ റോക്ക് ഭ്രമം മാറാതെ നാഗാലാന്റ് മയക്കുമരുന്നുകളിൽ നിന്നും രക്ഷപ്പെടുകയില്ല.

വീഡിയോയുടെ വരവോടെ സ്ഥിതി അത്യന്തം ഗുരുതരമായിരിക്കയാണ്. പണ്ടു കേൾക്കമാത്രം ചെയ്തിരുന്ന സംഗീതം ഇന്ന് കാണാമെന്ന നിലയിലുമായിരിക്കുന്നു. പ്രശസ്തരായ പാശ്ചാത്യ സംഗീതക്കാരാണ് ഇവരുടെ ആരാധനാമൂർത്തികൾ. വീടുകൾ ഇവരുടെ ചിത്രങ്ങൾ കൊണ്ട് അലങ്കരിക്കുന്നു. 'സൺ' പോലുള്ള മാസികകൾ വേണ്ടത്ര ചിത്രങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്യുന്നു. രണ്ടുപേർ തമ്മിൽ കണ്ടാൽ പറയാനുള്ളത് റോക്കിനേക്കുറിച്ചു മാത്രം. പാശ്ചാത്യ സിനിമയിലെ അക്രമം, കുത്തഴിഞ്ഞ ജീവിതം തുടങ്ങിയവയും ഇവർ അനുകരിക്കും. അങ്ങനെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് നാഗാലാന്റിലുള്ളത്.

RNI No. 68089 / 97 | THE DEFENDER | REGISTERED
2006 May 1 | | KL/ALY/0031/2006-08

# ചാനൽ നന്നാകുന്ന ലക്ഷണമില്ല

മുഖസ്തുതി പറയുകയാണെന്ന് വിചാരിക്കരുത്, കെ.സി.ജോണിന്റെ ചാനൽ നന്നാകുകയില്ല. ഏതാനും മാസത്തിനകം ഈ ചാനൽ പൂട്ടിക്കെട്ടും.

ഒരോരുത്തർക്കും ചെയ്യാൻ കഴിയുന്നതും കഴിയാത്തതുമായ കാര്യങ്ങളുണ്ട്. യേശുദാസിന് നന്നായി പാടാനറിയാം. പക്ഷേ അഭിനയിക്കാൻ ശ്രമിച്ചിട്ട് വിജയിച്ചില്ല. നടൻമാരെല്ലാം പാടാൻ തുടങ്ങിയാൽ ഈ നാട്ടിലുള്ള പക്ഷിമൃഗാദികളുടെ കാര്യം കഷ്ടത്തിലാകും. വല്ലവനും ഉണ്ടാക്കിവെച്ച സ്റ്റേജിൽ കയറിനിന്ന് വിവരക്കേട് പ്രസംഗിച്ച് വിഡ്ഢികളെ ഇളക്കാൻ കെ.സി.ജോണിന് കഴിയും. അത് വളരെക്കാലമായി ചെയ്തുവരുകയുമാണ്. പക്ഷേ ചാനലിനെ സംബന്ധിച്ച് കെ.സി.ജോണിന് ഒരു ചുക്കും അറിഞ്ഞുകൂടാ. ഷൈൻ ചെയ്യാനുള്ള മോഹം ഒന്നുമാത്രം കൈമുതലായി കണ്ടുകൊണ്ട് കെ.സി.ജോൺ ഇറങ്ങിത്തിരിച്ചു. അതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്.

ചവർ ചാനൽ എവിടെ നിൽക്കുന്നു എന്നറിയാൻ മലയാള ദിനപ്പത്രങ്ങൾ നോക്കിയാൽ മതി. ശാലോം ടി.വി. ഉൾപ്പെടെയുള്ള എല്ലാ മലയാള ചാനലുകളുടേയും കാര്യപരിപാടി പത്രങ്ങളിൽ കാണാം. പക്ഷേ നാളിതുവരെ ചവർ ചാനലിലെ പ്രോഗ്രാം ഒരു പത്രത്തിലും വന്നിട്ടില്ല. എന്തുകൊണ്ട്? ചവറിന് വിശേഷിച്ചൊരു പ്രോഗ്രാം ഇല്ല എന്നതു തന്നെ. തോന്നിയതുപോലെ എന്തെങ്കിലുമൊക്കെ കാണിക്കുക എന്നതാണ് ചവറിന്റെ രീതി. ഇത്ര ദയനീയമായ ഒരു സ്ഥിതി ഇന്ത്യയിലുള്ള ഒരു ചാനലിനുമില്ല.

ഒരേ പ്രോഗ്രാം രണ്ടോ മൂന്നോ വട്ടം കാണിക്കുന്നത് തികച്ചും സ്വാഭാവികം. പക്ഷേ ഒരേ പ്രോഗ്രാം ദിവസം ഇരുപത്തഞ്ചുവട്ടം കാണിക്കുക എന്നത് ചിന്തിക്കാൻപോലും സാധിക്കാത്ത കാര്യമാണ്. 365 ദിവസവും ഇതുതന്നെയാണ് സ്ഥിതിയെങ്കിലോ? ഉദാഹരണമായി ഗിറ്റാറും തൂക്കി ശവക്കോട്ടയിലൂടെ നടന്ന് പാടുന്ന മുടിയനെ കുറഞ്ഞപക്ഷം 25 വട്ടമെങ്കിലും കാണാം. എല്ലാ ദിവസവും ഇതുതന്നെ സ്ഥിതി. ഈ ചങ്ങാതിയുടെ മുടി ഒന്നു വെട്ടിക്കയെങ്കിലും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

മാരാമൺ കൺവെൻഷൻ, കുമ്പനാട് കൺവെൻഷൻ, ശതാബ്ദി സമ്മേളനം, ചവറിന്റെ ഉദ്ഘാടനം തുടങ്ങിയവ എന്നും സംപ്രേക്ഷണം ചെയ്യും. നാലോ അഞ്ചോ ആൽബങ്ങളാണ് ചവറിന്റെ കൈവശമുള്ളത്. അത് നിരവധി തവണ തിരിച്ചും മറിച്ചും കാണിക്കും. ചിലപ്പോൾ സായിപ്പിനേയോ മദാമ്മയേയോ കാണാം. ഇത്രയുമാണ് എന്നും കാണിക്കുന്നത്. ആരും മടുത്തുപോകും.

ചാനൽ തുടങ്ങിയിട്ട് മൂന്നു മാസമായി. നിലവാരമുള്ള ഒരു പ്രോഗ്രാമെങ്കിലും നിർമ്മിക്കാൻ കെ.സി.ജോണിനും കൂട്ടർക്കും കഴിഞ്ഞിട്ടില്ല. റിക്കാഡിംഗ് തുടങ്ങി എന്ന് ഒന്നര വർഷം മുൻപ് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. അത് ശുദ്ധ നുണയായിരുന്നു എന്ന് ഇതാ വ്യക്തമായിരിക്കുന്നു.

കുടുംബഗീതം എന്ന പേരിൽ ഒരു പ്രോഗ്രാം എന്നും കാണാം. സർവ്വാഭരണ വിഭൂഷിതയായ ഒരു പെങ്കൊച്ച് പണക്കാരായ ആരുടെയെങ്കിലും വീട്ടിൽ ചെന്ന് അര മണിക്കൂർ കൊച്ചുവർത്തമാനം പറയുന്നതാണ് പരിപാടി. പാവപ്പെട്ടവർക്ക് കുടുംബവുമില്ല, ഗീതവുമില്ല. ഗീതക്കാരായ കുടുംബക്കാർ രക്ഷിക്കപ്പെട്ടവരാണോ എന്ന ചോദ്യം പ്രോഗ്രാമിലെങ്ങും കേൾക്കാറില്ല. പണമുള്ളവർ വിശേഷിച്ച് രക്ഷിക്കപ്പെടേണ്ടതില്ലല്ലോ. ചേമ്പു കഴുകിയ വെള്ളത്തിൽ കുളിച്ച സുഖം തോന്നും ഈ പരിപാടി കണ്ടാൽ.

വർഗീസ് മത്തായി ചിലപ്പോൾ ഒരുവക പ്രോഗ്രാം അവതരിപ്പിക്കാറുണ്ട്. ഇത് എന്തു കുണ്ടാമണ്ടിയാണെന്ന് ഒരു പിടിയും കിട്ടുന്നില്ല. ഏതെങ്കിലും ഒരു വിഷയത്തേക്കുറിച്ച് നാട്ടുകാരോട് അഭിപ്രായം ചോദിക്കും. അവർ പറയുന്ന സകല മണ്ടത്തരങ്ങളും അതേപടി സംപ്രേക്ഷണം ചെയ്യും. ഇതുകൊണ്ട് ദോഷമല്ലാതെ എന്തെങ്കിലും ഗുണമുണ്ടാകുമോ? എന്തിനാണ് സമയവും പണവും ഈ വിധത്തിൽ നഷ്ടപ്പെടുത്തുന്നത്? ഇതേപ്പറ്റി വർഗ്ഗീസ് മത്തായിക്ക് എന്താണ് പറയാനുള്ളതെന്ന് അറിഞ്ഞാൽ കൊള്ളാം.

എല്ലാ മതവും ഒന്നാണെന്നും മതങ്ങൾ തമ്മിൽ ഉള്ള ഐക്യമാണ് ഭൂലോകത്തെ ഏറ്റവും നല്ല കാര്യമെന്നും ചവർ ചാനലിലൂടെ പൊതുജനം കേൾക്കുന്നതിൽ കൂടിയ അധ:പതനം വേറെ എന്തെങ്കിലുമുണ്ടോ? ഇതും കഴിഞ്ഞയാഴ്ച സംഭവിച്ചു. ഈ പ്രോഗ്രാം പലവട്ടം സംപ്രേക്ഷണം ചെയ്യാനും മടിയുണ്ടായില്ല. പോൾ മണലിൽ പറഞ്ഞതാണെന്നും അത് കെ.സി.ജോണിന്റെ അഭിപ്രായമല്ലെന്നും പറഞ്ഞ് തടിതപ്പാൻ വരട്ടെ. കാരണം പോൾ മണലിൽ പറഞ്ഞതിനെതിരെ നാളിതുവരെ ഒരു വാക്കുപോലും ചാനലിൽ ആരും പറഞ്ഞിട്ടില്ല.

പള്ളി, പട്ടക്കാരൻ, അൾത്താര, വിഗ്രഹം, ആഭരണം തുടങ്ങിയവയൊക്കെ നിറഞ്ഞ ആൽബങ്ങളാണ് സംപ്രേക്ഷണം ചെയ്യുന്നത്. പെന്തക്കോസ്ത് ഉപദേശം ശരിയാണെങ്കിൽ ഇവയൊക്കെ സാത്താന്യമാണ്. അതുകൊണ്ടാണ് ഇതൊക്കെ വിട്ട് ജനലക്ഷങ്ങൾ പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ചത്. പക്ഷേ കെ.സി.ജോണിനും കൂട്ടർക്കും ഇപ്പോൾ ഇതെല്ലാം സ്വീകാര്യമായിരിക്കുന്നു.

മാരാമൺ കൺവെൻഷനിൽ പ്രസംഗിക്കപ്പെടുന്നത് സത്യസുവിശേഷമാണോ? ആണെങ്കിൽ മാർത്തോമ്മാ സഭയുടെ ഉപദേശം സത്യമാണെന്നു വരുന്നു. സ്ഥിതി ഇതാണെങ്കിൽ മാർത്തോമ്മാ സഭ വിട്ട് പെന്തക്കോസ്ത് വിശ്വാസം സ്വീകരിച്ചവർക്ക് അബദ്ധം പറ്റിയിരിക്കുന്നു. മാർത്തോമ്മാ സഭയുടെ ഉപദേശം ദുരുപദേശമാണെങ്കിൽ മാരാമൺ കൺവെൻഷൻ സംപ്രേക്ഷണം ചെയ്യുന്നത് ദുരുപദേശ പ്രചരണമല്ലേ?

ചാനൽ തുടങ്ങാൻ വലിയൊരു തുക ചെലവാകും. ചാനൽ നടത്തിക്കൊണ്ടു പോകാൻ അതിലും അധികം പണം വേണം. വിദേശമലയാളികളെ കബളിപ്പിച്ച് ചാനൽ തുടങ്ങാനുള്ള പണമുണ്ടാക്കി. ഇനി ചാനൽ നടത്തിക്കൊണ്ടു പോകണം. പരസ്യം എന്നൊന്ന് ചവർ ചാനലിൽ ഇല്ല. അതുകൊണ്ട് പരസ്യം വകയിൽ ചില്ലിക്കാശ് കിട്ടുകയില്ല. ആരെങ്കിലും സ്പോൺസർ ചെയ്ത പ്രോഗ്രാമുകളും ഏറെയില്ല. വല്ലവന്റേം ആൽബങ്ങൾ നാഴികയ്ക്ക് നാല്പതുവട്ടം കാണിച്ചുകൊണ്ടിരുന്നാൽ പണം ഒഴുകി എത്തുകയുമില്ല. കഴിഞ്ഞ മൂന്നു മാസം കൊണ്ട് എത്ര രൂപ വരുമാനമുണ്ടായി എന്ന് കെ.സി.ജോൺ പരിശോധിക്കട്ടെ. സാറ്റ്ലൈറ്റിനുള്ള വാടക, ജോലിക്കാരുടെ ശമ്പളം, പ്രോഗ്രാമുകൾ ഉണ്ടാക്കാനുള്ള ചെലവ്, സംപ്രേക്ഷണം ചെയ്യാനുള്ള ചെലവ് തുടങ്ങി ചെലവുകൾ ഏറെയുണ്ട്. ഇതിനൊക്കെയുള്ള പണം ഇല്ലാതാകുമ്പോൾ ചാനൽ വീരമൃത്യു വരിക്കും, സംശയം വേണ്ട.



Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan